കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# ചെമ്മനാട് ഗ്രാമപഞ്ചായത്ത്

# 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

E-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി-6/680 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

കാസറഗോഡ് ജില്ല

തീയതി.23.06.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെമ്മനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: ചെമ്മനാട് ഗ്രാമപഞ്ചായത്ത്-2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്– സംബന്ധിച്ച്

*************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് ജില്ല
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-6/680
/2016 തിയ്യതി:23.06.2017

<u>കാസറഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്.</u>

*<u>(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)</u>*

കാസറഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.10.2016 മുതൽ 12.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് 01.04.2016 മുതൽ 31.03.2017വരെ നടത്തിയ പണം പിൻവലിക്കൽ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 13.06.2017 മുതൽ 21.06.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | കിഷോർ. എ.ജി | ഓഡിറ്റ് ഓഫീസർ |
| | വിനോദ് കുമാർ.സി | അസി. ഓഡിറ്റ് ഓഫീസർ |
| | രഘുനാഥൻ.കെ | അസി. ഓഡിറ്റ് ഓഫീസർ |
| | കുഞ്ഞികൃഷ്ണൻ.കെ.സി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കല്ലട്ര അബ്ദുൾ ഖാദർ ഹാജി | 01.04.2016 മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ. ടി. ടി. സുരേന്ദ്രൻ | 01.04.2016 മുതൽ 21.04.2016FN വരെയും |

| | | |
|---|---|---|
| | | |
| | | 17.05.2016 മുതൽ 25.06.2016 വരെയും |
| | ശ്രീ.ലക്ഷമണ.കെ (ഹെഡ് ക്ലാർക്ക് ഇൻചാർജ്ജ്) | 21.04.2016 മുതൽ 16.05.2016 വരെയും |
| | | 25.06.2016 മുതൽ 26.12.2016FN വരെയും |
| | ശ്രീ.രവീന്ദ്ര. എം | 26.12.2016മുതൽ 31.03.2017വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.ലക്ഷമണ.കെ (ഹെഡ് ക്ലാർക്ക് ഇൻചാർജ്ജ്) | 01.04.2016 മുതൽ 02.02.2017 FNവരെ |
| | ശ്രീ.അനിൽ കുമാർ | 02.02.2017 മുതൽ 31.03.2017വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി. ജിഷി. ആർ | 01.04.2016 മുതൽ 31.03.2017വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഹേന | 01.04.2016 മുതൽ 31.12.2016വരെ |
| | ശ്രീമതി.രേഷ്മ രമേശ് | 31.12.2016 മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജ്യോതി | 01.04.2016 മുതൽ 17.08.2016 FN വരെ |
| | ശ്രീമതി.വീണ | 17.08.2016 മുതൽ 31.03.2017വരെ |
| വി.ഇ.ഒ | ശ്രീ.രാജേഷ് | 01.04.2016 മുതൽ 31.03.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പ്രദീപ് ചന്ദ്രൻ | 01.04.2016മുതൽ 17.11.2016 FN വരെ |
| | ശ്രീ.സുരേന്ദ്രൻ | 17.11.2016 മുതൽ 31.03.2017വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.അനൂപ് | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, ആയ്യൂർവേദം | ഡോ.വോൾഗ | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.വേണ. സി | 01.04.2016 മുതൽ 21.06.2016 FN വരെ |

| | | |
|---|---|---|
| | ഡോ.കായിഞ്ഞി | 21.06.2016 മുതൽ 31.03.2017വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം 2 | |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് . | 2-1 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 15 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-3 |
| 16 | ഷോപ്പിംഗ് കോംപ്ലക്സ് വാടക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ. | 2-4 |
| 17 | ഡി. ആന്റ് ഒ. ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ. | 2-5 |

| | | |
|---|---|---|
| | | |
| 18 | പരസ്യനികുതി. | 2-6 |
| 19 | വസ്തു നികുതി വൻ കുടിശ്ശിക. | 2-7 |
| 20 | ഡിമാന്റ് രജിസ്റ്റർ-സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല. | 2-8 |
| 21 | വർഷങ്ങളായി ഇടപാടുകൾ ഒന്നുംതന്ന ഇല്ലാതെ തുടരുന്ന ബാങ്ക് അക്കൗണ്ടുകൾ. | 2-9 |
| | ഭാഗം 3 | |
| 22 | മാലിന്യം നീക്കിയതിന് തുക ചെലവഴിച്ചത്-അപാകത. | 3-1 |
| 23 | മുൻകൂർ യാത്രാബത്ത നൽകിയത്-ക്രമീകരിച്ചിട്ടില്ല. | 3-2 |
| 24 | ഗ്രാമപഞ്ചായത്ത് വാഹനം - ബാറ്ററി മാറ്റിയത്-പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷന്റെ അംഗീകാരം വാങ്ങിയിട്ടില്ല. | 3-3 |
| 25 | ഗ്രാമപഞ്ചായത്ത് റിഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ തുക ചെലവഴിച്ചത്-അപാകത | 3-4 |
| 26 | അഗതി-ആശ്രയ പദ്ധതി നടത്തിപ്പ് – ചെമ്മനാട് ഗ്രാമപഞ്ചായത്ത് സി.ഡി.എസ് വൻപരാജയം | 3-5 |
| 27 | പട്ടികജാതി യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പദ്ധതി - ആഡംബര വാഹനങ്ങൾക്ക് സബ്സിഡി അനുവദിച്ചു. | 3-6 |
| 28 | ഗ്രാമ പഞ്ചായത്തിന്റെ പഴയ വാഹനം കണ്ടം ചെയ്യാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല. | 3-7 |
| 29 | ഡെപ്പോസിറ്റ് പ്രവർത്തി -പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ ഹാജരാക്കിയിട്ടില്ല. | 3-8 |
| 30 | വിവിധ പ്രൊജക്ടുകളിലേക്ക് മരുന്ന് വാങ്ങൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക നൽകി മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-9 |

| | | |
|---|---|---|
| 31 | വിവിധ പ്രൊജക്ടുകളിലേക്ക് മരുന്ന് വാങ്ങൽ ഔഷധിക്ക് തുക നൽകി മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-10 |
| 32 | ചട്ടഞ്ചാൽ പി.എച്ച്.സി.യിൽ ലാബ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 3-11 |
| 33 | റൂഫിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചത് - അംഗീകരിക്കുന്നില്ല. | 3-12 |
| 34 | മരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകുന്നതിന് നല്കിയ അഡ്വാൻസിൽ ഓയിൽ കമ്പനികളുടെ പക്കൽ 63,289/- രൂപ ബാക്കി. | 3-13 |
| 35 | ടാർ ലഭ്യമാക്കാൻ വൈകി- റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികൾ 2016-17 വർഷം നടപ്പിലാക്കിയിട്ടില്ല. | 3-14 |
| | ഭാഗം 4 | |
| 36 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 44 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016 ലെ ഭരണസമിതി തീരുമാനം നമ്പർ 20/16 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്, ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,01,37,890.37 |
| വരവ് | 16,50,58,200.00 |
| ആകെ | 17,51,96,090.37 |
| ചെലവ് | 16,63,75,531 |
| നീക്കിയിരിപ്പ് | 88,20,559.37 |

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 1,01,37,890.37 | 5,29,73,295.00 | 4,28,35,404.63 | | (+) 422.52 |
| വരവ് | 16,50,58,200.00 | 16,92,47,411.00 | 41,89,211.00 | | (+) 2.53 |
| ആകെ | 17,51,96,090.37 | 22,22,20,706.00 | 4,70,24,615.63 | | (+) 26.84 |
| ചെലവ് | 16,63,75,531 | 15,77,64,118.00 | | 86,11,413.00 | (-) 5.17 |
| നീക്കിയിരിപ്പ് | 88,20,559.37 | 6,44,56,588.00 | 5,56,36,028.63 | | (+) 630.75 |

ഓഡിറ്റ് വർഷത്തെ പുതുക്കിയ ബജറ്റ് 29.03.2017ലെ ഭരണസമിതി തീരുമാനം നമ്പർ 2(1) പ്രകാരം

അംഗീകരിക്കുകയുണ്ടായി.ഉക്കിയ ബജറ്റ് പ്രകാരമുള്ളതും വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4,69,00,095.37 |
| വരവ് | 19,12,67,352.00 |
| ആകെ | 23,81,67,447.37 |
| ചെലവ് | 19,03,95,018.00 |
| നീക്കിയിരിപ്പ് | 4,77,72,429.37 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.05.2017 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 15.06.2017,16.06.2017 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായിചേർത്തിട്ടുണ്ട്. |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) സ്ഥിര ആസ്ഥികളുടെ മൂല്യനിർണ്ണയം പൂർത്തീകരിച്ച് പൂർണ്ണമായ മൂല്യം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) വസ്തു നികുതി - ഡിമാന്റ് രജിസ്റ്ററുകൾ (കുടിശ്ശികയുൾപ്പടെ) പൂർത്തീകരിച്ചിട്ടില്ല.

3)എസ്.ബി.ഐ. യിലെ അക്കൗണ്ട് നം 67092089326 (Paika Accounnt) തൻ വർഷം പലിശ ഇനത്തിൽ 7,360/-രൂപ വരവുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ 2,356/- രൂപ മാത്രമാണ് ഈ അക്കൗണ്ടിൽ വരവ് കാണിച്ചിരിക്കുന്നത്. വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താൻ വിട്ടുപോയ 5,004/- രൂപയുടെ വരവ് ക്രമപ്പെടുത്തേണ്ടതാണ്.

4) വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ Capital Work in Progress [Schedule B-11(a)] -ൽ തൻവർഷം പൊതു മരാമത്ത് പ്രവൃത്തികൾക്കായി ടാർ വാങ്ങുന്നതിനായി ചെലവഴിച്ച 2,46,644/-രൂപ മാത്രമാണ് ഉൾപ്പടുത്തിയിരിക്കുന്നത്. തൻ വർഷം 13,61,553/-രൂപയുടെ പാർട്ട് പെയ്മെന്റുകൾ ടാർ വാങ്ങുന്നതിനായി നടത്തിയിട്ടുണ്ട്. 11,14,909/-രൂപയുടെ കുറവ് Capital Work in Progress [Schedule B-11(a)] -ൽ ഉണ്ട്.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു).

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് : | 5,29,73,295.00 |
| വരവ് : | 16,92,47,411.00 |
| ആകെ : | 22,22,20,706.00 |
| ചെലവ് : | 15,77,64,118.00 |
| നീക്കിയിരിപ്പ് : | 6,44,56,588.00 |

*(കുറിപ്പ്: വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്താ DBT പെൻഷൻ തുക 5,86,25,950/- രൂപയും, മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വേതനമിനത്തിൽ ഓൺലൈൻ മുഖേന നടത്തിയ ചെലവ് 3,49,14,125/- രൂപയും മേൽ കണക്കിൽ വരവിലും ചെലവിലും ഉൾപ്പടുത്തിയിട്ടുണ്ട്).*

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം).

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്** | ശതമാനം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,27,01,433 | 2,27,01,433 | 1,96,70,941 | 30,30,492 | 86.65 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി | 0 | 22,19,856 | 22,19,856 | 2,99,477 | 19,20,379 | 13.49 |
| വികസഫണ്ട് ടി.എസ്.പി | 0 | 63,873 | 63,873 | 0 | 63,873 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 77,41,344 | 77,41,344 | 25,92,469 | 51,48,875 | 33.48 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 57,41,589 | 57,41,589 | 47,39,014 | 10,02,575 | 82.53 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,16,94,725 | 1,16,94,725 | 91,92,854 | 25,01,871 | 78.60 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 41,90,232 | 41,90,232 | 14,28,262 | 27,61,970 | 34.08 |
| എം.എൻ.ആർ. ഇ.ജി.എസ്. | 4,871 | 3,64,79,266 | 3,64,84,137 | 3,64,75,936 | 8,201 | 99.97 |
| ബി.ഫണ്ട് | 0 | 6,12,87,030 | 6,12,87,030 | 6,12,87,030 | 0 | 100 |

** കോളം 6-ൽ കാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് തുകകൾ (എം.എൻ.ആർ.ഇ.ജി.എസ് ഒഴികെ) സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടു.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പിലാക്കിയത് (എണ്ണം) | ഭാഗികമായി (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ % |
|---|---|---|---|---|
| 248 | 141 | 88 | 15 | 58.46 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2016-17 വർത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 20 | 69,00,364 | 11 | 33,65,532 | 48.77 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 10 | 30,18,729 | 3 | 2,24,970 | 7.45 |
| 3 | അസിസ്റ്റന്റ് എൻജിനിയർ. | 166 | 4,14,53,772 | 84 | 1,86,58,450 | 45.01 |
| 4 | കൃഷി ഓഫീസർ. | 11 | 28,50,980 | 9 | 14,69,159 | 51.53 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 9 | 1,02,21,500 | 8 | 75,44,300 | 73.80 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 5 | 82,79,330 | 4 | 64,21,182 | 77.55 |
| 7 | വെറ്ററനറി സർജ്ജൻ | 9 | 68,61,300 | 6 | 23,50,698 | 34.26 |
| 8 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 4 | 13,70,100 | 3 | 11,99,440 | 87.54 |
| 9 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം. | 4 | 4,50,000 | 4 | 4,50,000 | 100 |
| 10 | പ്രധാനാധ്യാപകൻ. | 9 | 46,89,600 | 9 | 38,51,398 | 82.12 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 3,00,000 | 0 | 0 | 0 |
| | അകെ | 248 | 8,63,95,675 | 141 | 4,55,35,129 | 52.70 |

അംഗീകരിച്ച പദ്ധതി രേഖ പ്രകാരം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി തൻവർഷം പത്ത് പദ്ധതികളാണ് നടപ്പാക്കാനണ്ടായിരുന്നതെങ്കിലും മൂന്ന് പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. അസിസ്റ്റന്റ് സെക്രട്ടറിയുടെ തസ്തിക 01.04.2016 മുതൽ 01.02.2017 വരെ ഒഴിഞ്ഞുകിടന്നത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചു.

ഗ്രാമ പഞ്ചായത്ത് തൻ വർഷം നടപ്പാക്കിയ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് സമ്പൂർണ്ണ വൈദ്യുതീകരണം- തെരുവ് വിളക്ക് സ്ഥാപിക്കൽ. ഈ പദ്ധതിയ്ക്കായി 62.27 ലക്ഷം രൂപ വൈദ്യുതി ബോർഡിന് കൈമാറിയിട്ടുണ്ട്. കളനാട് പ്രൈമറി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തൻ വർഷം 10.67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

അഗതി-ആശ്രയ പദ്ധതി നടത്തിപ്പിലെ അലംഭാവം മൂലം ചെമ്മനാട് ഗ്രാമപഞ്ചായത്ത് സി.ഡി.എസ് അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പായി കിടക്കുന്നു. രണ്ട് ഘട്ടങ്ങളിലായി അനുവദിച്ച 15,00,000/- രൂപയിൽ 11,50,642/- രൂപ ചെലവഴിക്കാതെ കിടക്കുകയാണ്. 2003-04 വർഷത്തിൽ തുടങ്ങിയ അഗതി-ആശ്രയ പദ്ധതി ഒന്നാം ഘട്ടം 13 സാമ്പത്തിക വർഷങ്ങൾ പിന്നിട്ടിട്ടും ലക്ഷ്യം കണ്ടിട്ടില്ല. ഈ പദ്ധതി ഇപ്പോഴും തുടരുകയാണ്. രണ്ട് ഘട്ടങ്ങളിലായി ആകെ 25 ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2.59 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) /(-) |
|---|---|---|---|---|
| നികുതി വരവുകൾ | 83,67,875 | 82,87,718 | (-) 80,157 | (-) 0.95 |
| നികുതിയേതര വരവുകൾ | 19,03,367 | 11,15,176 | (-) 7,88,191 | (-) 41.4 |
| മറ്റു വരവുകൾ | 6,69,300 | 12,53,230 | (+) 5,83,930 | (+) 87.24 |
| ആകെ | 1,09,40,542 | 1,06,56,124 | (-)2,84,418 | (-) 2.59 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 3,31,080 | 148 |
| കർഷക തൊഴിലാളി വേതനം | 28,88,820 | 250 |
| വിധവ പെൻഷൻ | 2,70,70,830 | 2091 |
| വാർദ്ധക്യകാല പെൻഷൻ | 1,84,79,015 | 2721 |
| വികലാംഗ പെൻഷൻ | 93,88,405 | 812 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 7,98,880 | 63 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 22,80,000 | 76 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2017 ന് (3 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31,145/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 3 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 |
| 9 | പാർട്ട് ടൈം പൗണ്ട് കീപ്പർ | 1 |
| 10 | പാർട്ട് ടൈം ലൈബ്രേറിയൻ | 1 |

2016-2017 സാമ്പത്തിക വർഷം 20.04.2016 മുതൽ 16.05.2016 വരെയും 27.06.2016 മുതൽ 25.12.2016 വരെയും സെക്രട്ടറിയുടെ തസ്തിക ഒഴിഞ്ഞുകിടന്നിരുന്നു. അസിസ്റ്റന്റ് സെക്രട്ടറിയുടെ തസ്തിക 01.04.2016 മുതൽ 01.02.2017 വരെ ഒഴിഞ്ഞുകിടന്നിരുന്നു. ഒരു സീനിയർ ക്ലാർക്കിന്റെ തസ്തിക 02.08.2016 മുതൽ 22.08.2016 വരെ ഒഴിഞ്ഞുകിടന്നിരുന്നു. ഒരു ക്ലാർക്കിന്റെ തസ്തിക 21.02.2016 മുതൽ 25.05.2017 വരെയും ഒഴിഞ്ഞുകിടന്നിരുന്നു. കൂടാതെ മറ്റൊരു ക്ലാർക്ക് 04.12.2013 മുതൽ ദീർഘകാല അവധിയിലാണ്. ജീവനക്കാരുടെ അഭാവം ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റെ പ്രവർത്തനത്തെയും പദ്ധതി നിർവ്വഹണത്തെയും സാരമായി ബാധിച്ചു.

04.05.2017 ലെ ഉത്തരവ് നം എ 2/3630/17 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം

നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം 2016-2017 സാമ്പത്തിക വർഷം രണ്ട് പ്രാവശ്യം മാത്രമാണ് കൂടിയത് (18.07.2016 ലും 05.08.2016ലും). ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

## 1-11 തൊഴിലുറപ്പ് പദ്ധതി അവലോകനം

ഓഡിറ്റ് കാലയളവിലെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങൾ | 5534 |
| തൊഴിൽ കാർഡ് നല്കിയ കുടുംബങ്ങൾ | 5534 |
| തൊഴിൽ കാർഡ് നല്കിയ എസ്.സി. കുടുംബങ്ങൾ | 207 |
| തൊഴിൽ കാർഡ് നല്കിയ എസ്.ടി. കുടുംബങ്ങൾ | 0 |
| ആകെ അംഗീകരിച്ച പദ്ധതികൾ | 673 |
| ആകെ നടപ്പിലാക്കിയ പദ്ധതികൾ | 221 |
| ആകെ മനുഷ്യ ദിനങ്ങൾ | 122511 |
| നൂറുദിനം തൊഴിൽ ദിനം ലഭിച്ച കുടുംബങ്ങൾ | 515 |

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.06.2017 മുതൽ 12.06.2017 വരെ | 31.05.2017 വരെ | PAU 2/17 തീയ്യതി. 12.06.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.10.2016 മുതൽ 31.10.2016 വരെ | 2011-12 മുതൽ 2015-16 വരെ | എൽ ബി എ(എച്ച് ക്യൂ) U/8 A 2521/2016-17/20 തീയ്യതി 02.01.2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് .

(ഓഡിറ്റ് എൻക്വയറി നം. 1/തീയ്യതി -15/06/2017

2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേരും,തസ്തികയും | സ്ഥാപനം | ആകെ അർദ്ധവർഷത്തെ വരുമാനം | അടവാക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് | രസീത് നമ്പർ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | നിമിഷ മുകുന്ദൻ<br>ലെക്ചറർ | എം.ഐ.സി.ആർട്സ് &സയൻസ് കോളേജ്,ചട്ടഞ്ചാൽ | 77,120 | 750 | 600 | 150 | 11601103737 തീ:30-9-16 |
| 2 | ജെംസീന.പി.എം,<br>ലെക്ചറർ | എം.ഐ.സി.ആർട്സ് &സയൻസ് കോളേജ്,ചട്ടഞ്ചാൽ | 77,120 | 750 | 600 | 150 | -ടി- |
| 3 | സതീഷ്.എ<br>ലെക്ചറർ | എം.ഐ.സി.ആർട്സ് &സയൻസ് കോളേജ്,ചട്ടഞ്ചാൽ | 77,120 | 750 | 600 | 150 | -ടി- |
| 4 | രനീസിയ<br>ലെക്ചറർ | എം.ഐ.സി.ആർട്സ് &സയൻസ് കോളേജ്,ചട്ടഞ്ചാൽ | 77,120 | 750 | 600 | 150 | -ടി- |
| 5 | ജ്യോതിമോൾ.എം.എസ്,<br>ലെക്ചറർ | എം.ഐ.സി.ആർട്സ് &സയൻസ് കോളേജ്,ചട്ടഞ്ചാൽ | 77,000 | 750 | 600 | 150 | -ടി- |
| 6 | ഷൈലജ.സി<br>ലെക്ചറർ | എം.ഐ.സി.ആർട്സ് &സയൻസ് കോളേജ്,ചട്ടഞ്ചാൽ | 75,000 | 750 | 600 | 150 | 109862 തീ:16-3-17 |
| 7 | സജീവ്.എ<br>പി.ഡി.ടീച്ചർ | ജി.എച്ച്.എസ്.എസ്. ചെമ്മനാട് (യു.പി സെക്ഷൻ ) | 1,94,649 | 1,250 | 1000 | 250 | 11601102868 തീ: 31-8-16 |
| 8 | പുഷ്പ<br>ഓഫീസ് അസിസ്റ്റന്റ് | ജി.യു.പി.എസ് ചെമ്മനാട് വെസ്റ്റ് | 1,35,285 | 1,250 | 1000 | 250 | 11601108062 തീ:16-2-16 |
| 9 | ശോഭ.ടി<br>ഓഫീസ് അസിസ്റ്റന്റ് | ജി.എച്ച്.എസ്.എസ് ചന്ദ്രഗിരി | 1,40,400 | 1,250 | 1000 | 250 | 8156 തീ:21-2-17 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | ആകെ | 1,650 | |

തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്ന 1,650/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 1/തീയ്യതി -15/06/2017)

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധവാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | മാവേലി സ്റ്റോർ, കോളിയടുക്കം | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | ചന്ദ്രഗിരി ഫ്യൂവൽസ്,കളനാട് | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | കേരള ഗ്രാമീൺ ബാങ്ക്,ചട്ടഞ്ചാൽ | 2016-17 ഒന്നാം അർദ്ധവർഷം |
| 4 | കൊവ്വൽ സോ മില്ല് | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 5 | പോപ്പുലർ വെഹിക്കിൾ & സർവ്വീസ് സെന്റർ | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 6 | ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക് | 2016-17 ഒന്നാം അർദ്ധവർഷം |
| 7 | വന്ദന ഫ്യൂവൽസ്,പൊയിനാച്ചി | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 8 | സുരഭി ഇൻഡസ്ട്രീസ്,പൊയിനാച്ചി | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 9 | ചെമ്മനാട് പഞ്ചായത്ത് വനിത സഹകരണ സംഘം,കളനാട് | 2016-17ഒന്നും,രണ്ടും അർദ്ധവർഷം |
| 10 | ചട്ടഞ്ചാൽ കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി | 2016-17 രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 11 | കളനാട് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2016-17ഒന്നം,രണ്ടും അർദ്ധവർഷം |
| 12 | പാഞ്ചജന്യം ഓഡിറ്റോറിയം | 2016-17ഒന്നം,രണ്ടും അർദ്ധവർഷം |
| 13 | രാജ് പാലസ് ഓഡിറ്റോറിയം പൊയിനാച്ചി | 2016-17ഒന്നം,രണ്ടും അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-3 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നം. 1/തീയ്യതി -15/06/2017)

2016-17 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കാണുകയുണ്ടായി. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് / സ്ഥാപനത്തിന്റെ പേര് | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | വി.സ്മിത,ലെക്ചറർ | എം.ഐ.സി.ആർട്സ് &സയൻസ് കോളേജ്,ചട്ടഞ്ചാൽ | 2016-17 രണ്ടാം അർദ്ധവർഷം |
| 2 | എം.കെ.ദീപ,ലെക്ചറർ | എം.ഐ.സി.ആർട്സ് &സയൻസ് കോളേജ്,ചട്ടഞ്ചാൽ | 2016-17 രണ്ടാം അർദ്ധവർഷം |
| 3 | നിഷ.ജി.എച്ച്,ലെക്ചറർ | എം.ഐ.സി.ആർട്സ് &സയൻസ് കോളേജ്,ചട്ടഞ്ചാൽ | 2016-17 രണ്ടാം അർദ്ധവർഷം |
| 4 | അശ്വതി.എൻ,ലെക്ചറർ | എം.ഐ.സി.ആർട്സ് &സയൻസ് കോളേജ്,ചട്ടഞ്ചാൽ | 2016-17 രണ്ടാം അർദ്ധവർഷം |
| 5 | ശ്രീരാജ്.കെ,ലെക്ചറർ | എം.ഐ.സി.ആർട്സ് &സയൻസ് കോളേജ്,ചട്ടഞ്ചാൽ | 2016-17 രണ്ടാം അർദ്ധവർഷം |
| 6 | വിജയകുമാർ.കെ ഓപ്പറേറ്റർ | കേരള വാട്ടർ അതോറിറ്റി | 2016-17 രണ്ടാം അർദ്ധവർഷം |

| | | | |
|---|---|---|---|
| 7 | ബാലകൃഷ്ണൻ.ടി.പി ( ടി.എം) | ബി.എസ്.എൻ.എൽ | 2016-17 രണ്ടാം അർദ്ധവർഷം |
| 8 | ചന്ദ്രഗിരി ഫ്യൂവൽസിലെ ജീവനക്കാർ | ചന്ദ്രഗിരി ഫ്യൂവൽസ് | 2016-17 രണ്ടാം അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് വാടക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

(ഓഡിറ്റ് എൻക്വയറി നം.03/16.6.2017)

2016-17 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന കച്ചവടക്കാരനിൽനിന്നും മാസ വാടക ഈടാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വാടകക്കാരന്റെ പേരും, വിലാസവും | ഈടാക്കേണ്ട മാസവാടക | ബാക്കി ഈടാക്കേണ്ട മാസ വാടക | കുറവ് |
|---|---|---|---|---|---|
| 1 | V/496 F | പി.അമ്പു, s/o മുത്തു നായർ | 633x12 = 7,596 | ഫെബ്രുവരി-2017 = 633 | 633 |
| 2 | V/496 H | എം.ദാമോദരൻ നായർ, s/o മുത്തു നായർ | 1995x12=23,940 | ഫെബ്രുവരി-2017= 1995 | 1995 |
| 3 | V/496 I | ടി.കുട്ടിയൻ, s/o കൊട്ടൻ | 634x12 = 7,608 | മാർച്ച്-2017= 634 | 634 |
| 4 | V/496 J | കുഞ്ഞിരാമൻ, s/o മുത്തുനായർ | 740x12 = 8,880 | ജനവരി-2017<br>ഫെബ്രുവരി-2017<br>740 x 2 = 1,480 | 1,480 |
| 5 | V/496 M | നജീബുള്ള,s/oമുഹമ്മദ് കുഞ്ഞി | 1,644x12=19,728 | മാർച്ച്-2017=1,644 | 1,644 |
| 6 | V/496 N | പുഷ്പ.കെ | 607x12 = 7,284 | ജനവരി-2017<br>ഫെബ്രുവരി-2017<br>മാർച്ച്- 2017<br>607x3=1,821 | 1,821 |
| 7 | IX/365 E | എം.സി.നാരായണൻ | 739x12 = 8,868 | നവംബർ-2016<br>ഡിസംബർ-2016<br>ഫെബ്രുവരി-2017<br>മാർച്ച്- 2017<br>739 x12 = 2,956 | 2,956 |

| | | | | | |
|---|---|---|---|---|---|
| 8 | IX/365 F | എം.എ.അബ്ദുൾഖാദർ | 620x12 = 7,440 | മെയ്-2016<br>ഒക്ടോബർ-2016<br>മാർച്ച്-2017<br>620x12=1,860 | 1,860 |
| 9 | IX/365 G | എം.എ.അബ്ദുൾഖാദർ | 620x12=7,440 | മെയ്-2016<br>മാർച്ച്-2017<br>620x2=1,240 | 1,240 |
| 10 | IX/365H | ജുനൈദ് | 1,549x12=18,588 | മാർച്ച്-2017<br>=1,549 | 1,549 |
| 11 | VI/821 | നാരായണൻ | 443x12=5,316 | സെപ്റ്റംബർ-16<br>ഒക്ടോബർ-16<br>നവംബർ-16<br>ഡിസംബർ-16<br>ജനവരി-17<br>ഫെബ്രുവരി-17<br>മാർച്ച്-17<br>443x7=3,101 | 3,101 |
| 12 | VI/820 | ശശി.വി | 331x12=3,972 | മെയ് 2016 മുതൽ<br>മാർച്ച് 2017 വരെ<br>331x11=3,641 | 3,641 |
| 13 | VIII/301 | പ്രസിഡണ്ട്,നവോദയ ആർട്സ് &സ്പോർട്സ് ക്ലബ്ബ് | 400x12=4,800 | ഏപ്രിൽ 2016 മുതൽ മാർച്ച് 2017 വരെ<br>400x12=4,800 | 4,800 |
| 14 | VIII/302 | കെ.നാരായണൻ നായർ | 400x12=4,800 | ഡിസംബർ-2016<br>400 | 400 |
| 15 | VIII/307 | കുഞ്ഞിരാമൻ നായർ | 1,036x12=12,432 | ഡിസംബർ-2016<br>1,036 | 1,036 |
| 16 | VIII/310 A | നാരായണി അമ്മ | 667x12=8,004 | മാർച്ച്-17<br>667 | 667 |
| 17 | VIII/310 D | വിജയൻ നായർ | 400x12=4,800 | സെപ്റ്റംബർ-16<br>ഒക്ടോബർ-16<br>400x2=800 | 800 |
| 18 | VIII/310 F | സിഎം.എസ്.ഖാലീദുള്ള | 796x12=9,552 | ഫെബ്രുവരി-17<br>മാർച്ച്-17<br>796x2=1,592 | 1,592 |
| 19 | VIII/310 G | സിഎം.എസ്.ഖാലീദുള്ള | 783x12=9,396 | ഫെബ്രുവരി-17 | 1,566 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | മാർച്ച്-17<br>783x2=1,566 | |
| | | | | | ആകെ | 33,415 |

മേൽപറഞ്ഞ കച്ചവടക്കാരനിൽ നിന്നും ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടവാടകയിനത്തിൽ ലഭിക്കാനുള്ള വാടക തുക എത്രയുംപ്പെട്ടന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ തുക വരവ് നഷ്ടമായികണക്കാക്കി നഷ്ടോത്തരവദ്വിത്തം സെക്രട്ടറിയിൽ ചുമത്തുന്നു.

## 2-5 ഡി. ആന്റ് ഒ. ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

(ഓഡിറ്റ് എൻക്വയറി നം.10/19.6.2017)

1)ഡി. ആന്റ് ഒ. ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെ കൊടുത്തിരിക്കുന്ന കച്ചവടക്കാരുടെ ഡി. ആന്റ് ഒ. ലൈസൻസ് ഫീ രജിസ്റ്ററുകളും, അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 1996 –ലെ കേരള പഞ്ചായത്ത് രാജ് (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 7 പ്രകാരം രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | കച്ചവട സ്ഥാപനത്തിന്റെ കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും/വിലാസവും | ഡി.&ഒ. ലൈസൻസ് ഫീ ഈടാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | V/496 E | വി.നാരായണൻ,<br>s/o കൃഷ്ണൻ നായർ | 2016-17<br>അർദ്ധവർഷം |
| 2 | V/496 J | കുഞ്ഞിരാമൻ,<br>s/o മുത്തു നായർ | 2016-17<br>അർദ്ധവർഷം |
| 3 | V/496 M | എം.നജീബുള്ള,<br>s/o മുഹമ്മദ്കുഞ്ഞി | 2016-17<br>അർദ്ധവർഷം |
| 4 | IX/365B | എം.സി.നാരായണൻ,<br>s/o എം.കെ.ചോയി | 2016-17<br>അർദ്ധവർഷം |
| 5 | IX/365 H | ജുനൈദ്,<br>s/o മുഹമ്മദ് | 2016-17<br>അർദ്ധവർഷം |
| 6 | VI/818 | നാരായണൻ, | 2016-17 |

| | | | |
|---|---|---|---|
| | VI/821 | s/o ശാന്തപ്പ | അർദ്ധവർഷം |
| 7 | VI/820 | ശശി.കെ | 2016-17<br>അർദ്ധവർഷം |
| 8 | VI/819<br>VI/822 | ടി.കുഞ്ഞിരാമൻ | 2016-17<br>അർദ്ധവർഷം |
| 9 | VIII/297 | എം.ചന്തുകുഞ്ഞി നായർ,<br>s/o കൃഷ്ണൻ നായർ | 2016-17<br>അർദ്ധവർഷം |
| 10 | VIII/298 | പി.ജാനകി അമ്മ,<br>W/o ചന്തു നായർ | 2016-17<br>അർദ്ധവർഷം |
| 11 | VIII/299 | ഇ.നാരായണൻ നായർ,<br>s/o കൃഷ്ണൻ നായർ | 2016-17<br>അർദ്ധവർഷം |
| 12 | VIII/300 | ബാബു നായർ,<br>s/o കുഞ്ഞിരാമൻ നായർ | 2016-17<br>അർദ്ധവർഷം |
| 13 | VIII/301 | പ്രസിഡന്റ് നവോദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പരവനടുക്കം | 2016-17<br>അർദ്ധവർഷം |
| 14 | VIII/302 | കെ.നാരായണൻ നായർ<br>s/o കുഞ്ഞമ്പു നായർ | 2016-17<br>അർദ്ധവർഷം |
| 15 | VIII/304 | അശോകൻ.എ,<br>s/o രാഘവൻ നായർ.പി | 2016-17<br>അർദ്ധവർഷം |
| 16 | VIII/305 | ആമിന ,W/o അഹമ്മദ് | 2016-17<br>അർദ്ധവർഷം |
| 17 | VIII/306 | ശശികുമാരൻ നായർ | 2016-17<br>അർദ്ധവർഷം |
| 18 | VIII/307 | കുഞ്ഞിരാമൻ നായർ,<br>s/o കുമാരൻ നായർ | 2016-17<br>അർദ്ധവർഷം |
| 19 | VIII/309 | മാധവൻ നായർ | 2016-17<br>അർദ്ധവർഷം |

| | | | |
|---|---|---|---|
| 20 | VIII/310 | ടി.സുരേഷ്,<br>s/o കുഞ്ഞമ്പു നായർ | 2016-17<br>അർദ്ധവർഷം |
| 21 | VIII/310 B | എം.കുഞ്ഞമ്പു നായർ,<br>s/o ഉണ്ണി നായർ | 2016-17<br>അർദ്ധവർഷം |
| 22 | VIII/310 D | പി.വിജയൻ നായർ,<br>s/o എം.കുമാരൻ നായർ | 2016-17<br>അർദ്ധവർഷം |
| 23 | VIII/310 E | വി.കണ്ണൻ,<br>s/o ചന്ദു | 2016-17<br>അർദ്ധവർഷം |

മേൽ പറഞ്ഞ കച്ചവടക്കാരിൽ നിന്നും ഡി. & ഒ. ലൈസൻസ് ഫീസ് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2)കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെ കൊടുത്തിരിക്കുന്ന വിവിധ കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കച്ചവട സ്ഥാപനത്തിന്റെ കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും/വിലാസവും | ഡി.&ഒ. ലൈസൻസ് ഫീ ഈടാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | V/496 E | വി.നാരായണൻ,<br>s/o കൃഷ്ണൻ നായർ | 2016-17<br>അർദ്ധവർഷം |
| 2 | V/496 J | കുഞ്ഞിരാമൻ,<br>s/o മുത്തു നായർ | 2016-17<br>അർദ്ധവർഷം |
| 3 | V/496 M | എം.നജീബുള്ള,<br>s/o മുഹമ്മദ്കുഞ്ഞി | 2016-17<br>അർദ്ധവർഷം |
| 4 | IX/365B | എം.സി.നാരായണൻ,<br>s/o എം.കെ.ചോയി | 2016-17<br>അർദ്ധവർഷം |
| 5 | IX/365 H | ജുനൈദ്,<br>s/o മുഹമ്മദ് | 2016-17<br>അർദ്ധവർഷം |
| 6 | VI/818<br>VI/821 | നാരായണൻ,<br>s/o ശാന്തപ്പ | 2016-17<br>അർദ്ധവർഷം |

| | | | |
|---|---|---|---|
| 7 | VI/820 | ശശി.കെ | 2016-17 അർദ്ധവർഷം |
| 8 | VI/819<br>VI/822 | ടി.കുഞ്ഞിരാമൻ | 2016-17 അർദ്ധവർഷം |
| 9 | VIII/297 | എം.ചന്തുകുഞ്ഞി നായർ,<br>s/o കൃഷ്ണൻ നായർ | 2016-17 അർദ്ധവർഷം |
| 10 | VIII/298 | പി.ജാനകി അമ്മ,<br>W/o ചന്തു നായർ | 2016-17 അർദ്ധവർഷം |
| 11 | VIII/299 | ഇ.നാരായണൻ നായർ,<br>s/o കൃഷ്ണൻ നായർ | 2016-17 അർദ്ധവർഷം |
| 12 | VIII/300 | ബാബു നായർ,<br>s/o കുഞ്ഞിരാമൻ നായർ | 2016-17 അർദ്ധവർഷം |
| 13 | VIII/301 | പ്രസിഡന്റ് നവോദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പരവനടുക്കം | 2016-17 അർദ്ധവർഷം |
| 14 | VIII/302 | കെ.നാരായണൻ നായർ<br>s/o കുഞ്ഞമ്പു നായർ | 2016-17 അർദ്ധവർഷം |
| 15 | VIII/304 | അശോകൻ.എ,<br>s/o രാഘവൻ നായർ.പി | 2016-17 അർദ്ധവർഷം |
| 16 | VIII/305 | ആമിന ,<br>W/o അഹമ്മദ് | 2016-17 അർദ്ധവർഷം |
| 17 | VIII/306 | ശശികുമാരൻ നായർ | 2016-17 അർദ്ധവർഷം |
| 18 | VIII/307 | കുഞ്ഞിരാമൻ നായർ,<br>s/o കുമാരൻ നായർ | 2016-17 അർദ്ധവർഷം |
| 19 | VIII/309 | മാധവൻ നായർ | 2016-17 അർദ്ധവർഷം |
| 20 | VIII/310 | ടി.സുരേഷ്,<br>s/o കുഞ്ഞമ്പു നായർ | 2016-17 അർദ്ധവർഷം |

| | | | |
|---|---|---|---|
| 21 | VIII/310 B | എം.കുഞ്ഞമ്പു നായർ,<br>s/o ഉണ്ണി നായർ | 2016-17<br>അർദ്ധവർഷം |
| 22 | VIII/310 D | പി.വിജയൻ നായർ,<br>s/o എം.കുമാരൻ നായർ | 2016-17<br>അർദ്ധവർഷം |
| 23 | VIII/310 E | വി.കണ്ണൻ,<br>s/o ചന്തു | 2016-17<br>അർദ്ധവർഷം |

മേൽ വിവരിച്ച കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3)ഡി.ആന്റ്.ഒ. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്.

2016-17 സാമ്പത്തിക വർഷത്തെ ഡി.ആന്റ്.ഒ. ലൈസൻസ് ഫീ രജിസ്റ്ററുകളും,അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 1996 -ലെ കേരള പഞ്ചായത്ത് രാജ് ( ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടില്ലാത്തതായി കാണുന്ന വിശദവിവരം താഴെ കൊടുക്കുന്നു.

| ലൈസൻസിന് അപേക്ഷിച്ച വ്യാപാരിയുടെ പേര്,<br>(ഡി.&ഒ.ലൈസൻസ് രജിസ്റ്റർപ്രകാരം ക്രമ നമ്പർ) | സ്ഥാപനത്തിന്റെ സ്വഭാവം & കെട്ടിട നമ്പർ | ഒരു ദിവസത്തെ വിറ്റ് വരവ് (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|
| ദീപ നാഗരാജ്<br>w/o എം.നാഗരാജ്<br>ക്രമ നമ്പർ- 29 | പെട്രോൾ പമ്പ് നടത്തുന്നതിന്. വന്ദനഫ്യൂവൽസ് III/627 A | 5,00000 | 4,000/- | 2,000/-<br>Rt.No.28173/91 /25-2-16 | 2,000/- |
| | | | | ആകെ | 2,000 |

ഡി.ആന്റ്.ഒ. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 2,000/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-6 പരസ്യനികുതി.

കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം പരസ്യനികുതി ചുമത്താവുന്നതാണ്. 209(ഡി) വകുപ്പ് പ്രകാരം പരസ്യനികുതി ചുമത്തുന്നതിനുള്ള അവകാശം കുത്തകയ്ക്ക് നൽകാവുന്നതാണ്. പരസ്യനികുതി സംബന്ധിച്ച മാതൃകാ ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ 18-5-05 ലെ സി 5-15253/2004 ഉത്തരവിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരസ്യനികുതി ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 വസ്തു നികുതി വൻ കുടിശ്ശിക.

31.03.2017 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി തൻ വർഷ പിരിവിൽ 28,14,259/- രൂപ ബാക്കിയുണ്ട്. കൂടാതെ കുടിശ്ശികയിൽ 1,18,543 രൂപയും പിരിച്ചടുക്കാൻ ബാക്കിയുണ്ട്. 2016-17 വർഷത്തെ വസ്തുനികുതി വരുമാനം 66,40,900 രൂപയാണെങ്കിലും 39,65,745 രൂപ മാത്രമാണ് പിരിവ്. (പിരിവ് ശതമാനം-59.71%). വസ്തു നികുതി പരിഷ്കരണം പഞ്ചായത്തിൽ പൂർത്തിയായിട്ടുണ്ട്. സഹായക സോഫ്റ്റ് വെയറുകളായ സാംഖ്യ, സഞ്ചയ എന്നിവ ഇന്റഗ്രേറ്റ് ചെയ്ത് സുസജ്ജമായി പ്രവർത്തിക്കുന്നുണ്ട്. നിലവിൽ എല്ലാ തസ്തികകളിലും ജീവനക്കാരുണ്ട്. ഈ സാഹചര്യത്തിൽ വസ്തു നികുതിയിനത്തിലെ കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കാനുള്ള ഊർജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-8 ഡിമാന്റ് രജിസ്റ്റർ-സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ഡിമാന്റ് രജിസ്റ്ററിൽ അവയുടെ ഡിമാന്റ്,കലക്ഷൻ,ബാലൻസ് എന്നിവയുടെ സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല.

1)തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

2)ഡി. ആന്റ് ഒ. ലൈസൻസ്

3)ട്രേഡേഴ്സ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

മേൽപറഞ്ഞ രജിറ്ററുകളിൽ നികുതിയുടെ സംഗ്രഹം എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ നടത്തി ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-9 വർഷങ്ങളായി ഇടപാടുകൾ ഒന്നുംതന്നെ ഇല്ലാതെ തുടരുന്ന ബാങ്ക് അക്കൗണ്ടുകൾ.

ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ ആരംഭിച്ച വിവിധ ബാങ്ക് അക്കൗണ്ടുകൾ വർഷങ്ങളായി ഇടപാടുകൾ ഒന്നുംതന്നെ ഇല്ലാതെ നിലവിലും തുടരുന്നുണ്ട്. ഇവയിൽ ചില അക്കൗണ്ടുകളിൽ വലിയ തുകകൾ നീക്കിയിരിപ്പായി ശേഷിക്കുന്നുണ്ട്. നിലവിൽ ഇടപാടുകൾ നടത്തുന്നില്ലെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ മുന്നിരിപ്പിലും നീക്കിയിരിപ്പിലും പ്രസ്തുത അക്കൗണ്ടുകളിലെ തുകകൾ ഉൾപ്പെടുത്തേണ്ട അവസ്ഥയാണുള്ളത്. ഇപ്രകാരം വർഷങ്ങളായി ഇടപാടുകൾ ഒന്നുംതന്നെ ഇല്ലാതെ നിലവിലും തുടരുന്ന ബാങ്ക് അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു .

1.വിജയ ബാങ്കിലെ പ്ലാൻ ഫണ്ട് അക്കൗണ്ട് (അക്കൗണ്ട് നം 200501010110656)

ഈ അക്കൗണ്ടിൽ അവസാനമായി ഇടപാട് നടന്നത് 14.06.2010 -ന് ആണ്. 31.03.2017 ന് ഈ അക്കൗണ്ടിൽ 6,629/-രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ട് ക്ലോസ്സ് ചെയ്ത് നിലവിലെ നീക്കിയിരിപ്പ് തുക പഞ്ചായത്ത് തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.

2.ചട്ടഞ്ചൽ കോപ്പറേറ്റീവ് അർബൻ സൊസൈറ്റി ബാങ്കിലെ അക്കൗണ്ട് (അക്കൗണ്ട് നം 2009).

ഈ അക്കൗണ്ടിൽ 15-03-2010ന് 5,00,000/-രൂപ നിർമ്മൽ പുരസ്കാരമായി ലഭിച്ചത് വരവ് വന്നിട്ടുണ്ട്. അതിന് ശേഷം ഈ അകൗണ്ടിൽ ഇടപാടുകൾ ഒന്നും തന്നെ നടന്നിട്ടില്ല. പ്രാരംഭ നിക്ഷേപമായ അഞ്ച് ലക്ഷം രൂപയ്ക്ക് കാലാകാലമായി ലഭിച്ച പലിശ ഉൾപ്പെടെ 31.03.2017 ന് ഈ അക്കൗണ്ടിൽ 7,29,201/-രൂപ നീക്കിയിരിപ്പുണ്ട്. നിർമ്മൽ പുരസ്കാരമായി ലഭിച്ച തുക വിനിയോഗിക്കേണ്ടതാണ്.

3.ചട്ടഞ്ചൽ കോപ്പറേറ്റീവ് അർബൻ സൊസൈറ്റി ബാങ്കിലെ അക്കൗണ്ട് (അക്കൗണ്ട് നം 2006).

ഈ അക്കൗണ്ടിൽ അവസാനമായി ഇടപാട് നടന്നത് 13.09.2013 -ന് ആണ്. 31.03.2017 ന് ഈ അക്കൗണ്ടിൽ 4,77,728/-രൂപ നീക്കിയിരിപ്പുണ്ട്. എം.എൻ ലക്ഷം വീട് പദ്ധതിയുമായി ബന്ധപ്പെട്ട ഈ അക്കൗണ്ടിലെ തുക വിനിയോഗിക്കേണ്ടതാണ്.

4)ചട്ടഞ്ചൽ കോപ്പറേറ്റീവ് അർബൻ സൊസൈറ്റി ബാങ്കിലെ അക്കൗണ്ട് (അക്കൗണ്ട് നം 2008)

അംഗണവാടി നിർമാണ്ണ പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിന് ലഭിച്ച 7,00,000/-രൂപ 15-03-2010 ന് നിക്ഷേപിച്ച് ആരംഭിച്ചതാണ് ഈ അക്കൗണ്ട് 09.03.2011-ന് ശേഷം ഈ അകൗണ്ടിൽ ഇടപാടുകൾ ഒന്നും തന്നെ നടന്നിട്ടില്ല. 31.03.2017ന് ഈ അക്കൗണ്ടിൽ 65,132/-രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ട് ക്ലോസ്സ് ചെയ്ത് അംഗണവാടി നിർമാണ്ണ പദ്ധതിക്കായി ലഭിച്ചതിൽ ശേഷിക്കുന്ന തുക നൽകിയ സ്ഥാപനത്തിലേക്ക് തിരികെ നൽകേണ്ടതാണ്.

5) പെരുമ്പള സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ട് (അക്കൗണ്ട് നം 3775)

ടോട്ടൽ സാനിറ്റേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ഈ അക്കൗണ്ടിൽ അവസാനമായി ഇടപാട് നടന്നത് 22.09.2010-ന് ആണ്. 31.03.2017 ന് ഈ അക്കൗണ്ടിൽ 1,94,511/-രൂപ നീക്കിയിരിപ്പുണ്ട്.ഈതുക ടോട്ടൽ സാനിറ്റേഷൻ പദ്ധതിയിക്കായി വിനിയോഗിക്കേണ്ടതാണ്. അല്ലങ്കിൽ അക്കൗണ്ട് ക്ലോസ്സ് ചെയ്ത് തുക നൽകിയ സ്ഥാപനത്തിലേക്ക് തിരികെ നൽകേണ്ടതാണ്.

6) പെരുമ്പള സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ട് (അക്കൗണ്ട് നം 5791)

പഞ്ചായത്ത് പ്രസിഡണ്ടിന്റെ ദുരിതാശ്വാസനിധി ആരംഭിക്കുന്നതിനായി 19.01.2011ന് 100/-രൂപ പ്രാരംഭ നിക്ഷേപമായി തുടങ്ങിയ ഈ അക്കൗണ്ടിൽ പിന്നീട് ഇടപാടുകൾ ഒന്നും നടന്നിട്ടില്ല. 31.03.2017 ന് ഈ അക്കൗണ്ടിൽ 126/-രൂപ നീക്കിയിരിപ്പുണ്ട് ദുരിതാശ്വാസനിധിയുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാലിന്യം നീക്കിയതിന് തുക ചെലവഴിച്ചത്-അപാകത

വൗച്ചർ നം.21600328/11.8.16 – 14000/-(ചെക്ക് നം.8007/11.8.16)

20-ാം വാർഡായ കീഴൂർ കടപ്പുറം പരിസരങ്ങളിൽ ജെ.സി.ബി. ഉപയോഗിച്ച് ശുചീകരണം നടത്തിയതിന് അബ്ദുൾ റഹിമാൻ എന്നവർക്ക് നൽകാനായി മേൽ വൗച്ചർ പ്രകാരം 14,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനം നം.37/16,തിയ്യതി 13.06.16 പ്രകാരവും, KPU Construction മേൽപറമ്പിന്റെ ബിൽ നം.589/02.06.16 പ്രകാരവുമാണ് തുക നൽകിയത്. 20-ാം വാർഡ് മെമ്പർ ശ്രീ.രാജൻ.എസ്, ജെ.സി.ബിഉപയോഗിച്ച് 14 മണിക്കൂർ ശുചീകരണം നടത്തിയതിന് 14,000/- നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഈ തുക ചെലവഴിക്കുന്നതിന് അടിസ്ഥാനമാക്കിയ ബില്ല് ,ശ്രീ.അബ്ദുൾ റഹിമാൻ എന്നവരുടെ അപേക്ഷ എന്നിവ പരിശോധന നടത്തിയപ്പോൾ രണ്ടിലും 9 മണിക്കൂർ എന്നത് തിരുത്തി 14 മണിക്കൂർ എന്നാക്കിയിട്ടാണ് 14,000/-രൂപ ചെലവഴിച്ചിട്ടുള്ളത്. ബില്ലിൽ 9 മണിക്കൂർ പ്രവർത്തി ചെയ്തു എന്നാണ് രേഖപ്പെടുത്തിയത്, തുക 9,000/- രൂപ എന്നത് തടഞ്ഞ് 14,000/- രൂപ എന്നാക്കിയിട്ടുണ്ട്. ബില്ലിൽ കൃത്രിമം കാണിച്ചത് ശരിയായ നടപടി അല്ല, ഓഡിറ്റ് എൻക്വയറി നം.04/16.06.2017പ്രകാരം ഇതിന് വിശദീകരണം ചോദിച്ചതിന് 19.06.2017 ൽ

നൽകിയ മറുപടി ഇപ്രകാരമാണ്, അബ്ദുൾ റഹിമാൻ തുക അനുവദിച്ച് കിട്ടുന്നതിന് രണ്ട് ദിവസങ്ങളിലെ ബില്ല് രണ്ട് അപേക്ഷളിൽ രേഖപ്പെടുത്തിയത് ഒരപേക്ഷയായി നൽകാൻ ആവശ്യപ്പെട്ടതനുസരിച്ച് അദ്ദേഹം തന്നെ തിരുത്തിയതാണ്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, കാരണം രണ്ട് ദിവസങ്ങളിലേക്ക് രണ്ട് അപേക്ഷകളും രണ്ട് ബില്ലും തന്നാൽ പരിഗണിക്കുന്നതിന് യാതൊരു തടസ്സവുമില്ല. അതിനാൽ വൗച്ചറിനോടൊപ്പം സമർപ്പിച്ച ബില്ലിൽ രേഖപ്പെടുത്തിയ യഥാർത്ഥ തുകയായ 9,000/- രൂപയുടെ ചെലവ് മാത്രമെ ഓഡിറ്റ് അംഗീകരിക്കുന്നുള്ളൂ, അധികം ചെലവഴിച്ച 5,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു, ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 മുൻകൂർ യാത്രാബത്ത നൽകിയത്-ക്രമീകരിച്ചിട്ടില്ല.

വൗച്ചർ നം.21600391/03.09.16 – 2,000/-രൂപ.(ചെക്ക് നം.8024/03.09.16)

ഗ്രാമപഞ്ചായത്തിലെ ഹെഡ്ക്ലാർക്കായ ശ്രീ.ലക്ഷ്മണ.കെ എന്നവർക്ക് 06.09.2016 ന് നിയമസഭാസമിതി മുമ്പാകെ ഹാജരാവുന്നതിന് തിരുവനന്തപുരം യാത്രക്ക് മുൻകൂർ യാത്രാബത്തയായി 2,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ക്രമീകരിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മുൻകൂർ യാത്രാബത്ത നൽകിയാൽ അത് 3 മാസത്തിനകം ക്രമീകരിക്കേണ്ടതാണ്, അല്ലാത്തപക്ഷം ടിയാന്റെ ശമ്പളത്തിൽ നിന്നും തുക തിരികെ ഈടാക്കണം.(Note 1 under Art.53(e)KFC).ഓഡിറ്റ് എൻക്വയറി നം.04/16.06.2017പ്രകാരം ഇതിന് വിശദീകരണം ചോദിച്ചതിന് 19.06.2017 ൽ നൽകിയ മറുപടി ഇപ്രകാരമാണ്, യാത്രാബത്ത ബില്ലുകൾ അംഗീകാരത്തിനായി പെർഫോമൻസ് ഓഡിറ്റിന് അയച്ചിട്ടുണ്ടെന്നും, അംഗീകാരം ലഭിക്കുന്ന മുറക്ക് മുൻകൂർ നൽകിയത് ക്രമീകരിക്കുമെന്നാണ്. അതിനാൽ പെർഫോമൻസ് ഓഡിറ്റിന്റെ അംഗീകാരം ലഭിച്ചാലുടൻ മുൻകൂർ നൽകിയത് ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ഗ്രാമപഞ്ചായത്ത് വാഹനം - ബാറ്ററി മാറ്റിയത്-പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷന്റെ അംഗീകാരം വാങ്ങിയിട്ടില്ല.

വൗച്ചർ നം.21600273/22.07.16 – 6800/-(ചെക്ക് നം.8001/22.07.16)

മേൽവൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്ത് വാഹനം KL-14-D-3236 നമ്പർ ബൊളേറൊ ജീപ്പിന്റെ ബാറ്ററി മാറ്റിയതിന് ആകെ 6,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. കാസറഗോഡ് പവർ ഹൗസിന്റെ നം.679/dt.nil -6,800/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചാണ് Exide battery വാങ്ങിയിട്ടുള്ളത്. ബിൽ നം.21148/dt.nil പ്രകാരം തുക നൽകിയിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ഏതെങ്കിലും പാർട്സുകൾ മാറ്റണമെങ്കിൽ അതിന് പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷന്റെ അംഗീകാരം വാങ്ങേണ്ടതാണ്. ഇവിടെ ജീപ്പിന്റെ ബാറ്ററി മാറ്റുന്നതിന് പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷന്റെ മുൻകൂർ അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.04/16.06.2017പ്രകാരം ഇതിന് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ബാറ്ററി മാറ്റുന്നതിന് പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷന്റെ മുൻകൂർ അംഗീകാരം വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്, അതുവരെ 6,800/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-4 ഗ്രാമപഞ്ചായത്ത് റിഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ തുക ചെലവഴിച്ചത്-അപാകത

2016-17 വർഷത്തിൽ ചെമ്മാനാട് ഗ്രാമപഞ്ചായത്തിലെ വിവിധ യോഗങ്ങൾക്ക് ഭക്ഷണം വിതരണം ചെയ്തതിന് റിഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ താഴെപ്പറയും പ്രകാരം ആകെ 95,119/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഉദയ ഹോട്ടൽ ചെമ്മനാടിനാണ് തുക നൽകിയിട്ടുള്ളത്.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | ഏത് മാസത്തെ ചെലവ് | തുക | ചെക്ക് നം. | നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 21600041/20.04.16 | 03/16 | 7,876/- | 9433/20.04.16 | ഉദയ ഹോട്ടൽ, ചെമ്മനാട് |
| 2 | 21600099/23.05.16 | 04/16 | 5,082/- | 9441/23.05.16 | ഉദയ ഹോട്ടൽ, ചെമ്മനാട് |
| 3 | 21600187/17.06.16 | 05/16 | 8,628/- | 9471/17.06.16 | ഉദയ ഹോട്ടൽ, ചെമ്മനാട് |
| 4 | 21600254/21.07.16 | 06/16 | 7,128/- | 9476/21.07.16 | ഉദയ ഹോട്ടൽ, ചെമ്മനാട് |
| 5 | 21600363/29.08.16 | 07/16 | 6,951/- | 8016/29.08.16 | ഉദയ ഹോട്ടൽ, ചെമ്മനാട് |
| 6 | 21600426/23.09.16 | 08/16 | 6,757/- | 8027/23.09.16 | ഉദയ ഹോട്ടൽ, ചെമ്മനാട് |
| 7 | 21600491/21.10.16 | 09/16 | 7,247/- | 8037/21.10.16 | ഉദയ ഹോട്ടൽ, ചെമ്മനാട് |
| 8 | 21600577/14.11.16 | 10/16 | 9,932/- | 8,052/14.11.16 | ഉദയ ഹോട്ടൽ, ചെമ്മനാട് |
| 9 | 21600656/15.12.16 | 11/16 | 8,792/- | 8067/15.12.16 | ഉദയ ഹോട്ടൽ, ചെമ്മനാട് |
| 10 | 21600744/19.01.17 | 12/16 | 9,532/- | 8075/19.01.17 | ഉദയ ഹോട്ടൽ, |

| | | | | | |
|---|---|---|---|---|---|
| | | | | | ചെമ്മനാട് |
| 11 | 21600855/20.02.17 | 01/17 | 8,540/- | 8094/20.02.17 | ഉദയ ഹോട്ടൽ, ചെമ്മനാട് |
| 12 | 21601026/20.03.17 | 02/17 | 8,654/- | 4394/20.03.17 | ഉദയ ഹോട്ടൽ, ചെമ്മനാട് |
| | | ആകെ | 95,119/- | | |

മേൽ തുക ചെലവഴിച്ചത് ഉദയ ഹോട്ടൽ, ചെമ്മനാടിന്റെ മാനേജരുടെ അതാത് മാസങ്ങളിലെ കത്ത് അടിസ്ഥാനമാക്കിയാണ്. ഓരോ മാസവും ആകെ ഇത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നാണ് കത്തിൽ പറയുന്നത്. വെറും ഒരു കത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്ന രീതി അഭികാമ്യമല്ല. ഓരോ ചെലവിനും ഉള്ള അതാത് തിയ്യതിയിലെ വിശദമായ ബില്ലുകളുടെ അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കേണ്ടത്. ഓരോ മാസത്തെയും ഏത് യോഗം, യോഗത്തിന്റെ തിയ്യതി, എത്ര പേർക്ക്, എന്തൊക്കെ ഭക്ഷണ ഇനങ്ങൾ നൽകി, ഓരോ ഇനത്തിനും വില എത്രയാണ് എന്ന് കാണിക്കുന്ന ഓരോ തിയ്യിതിയിലെയും ബില്ലുകൾ, യോഗത്തിന്റെ മിനിട്സ് എന്നിവ വൗച്ചറുകളോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. എന്നാൽ ഈ രേഖകളൊന്നും തന്നെ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.05/16.06.2017പ്രകാരം ഇവ ആവശ്യപ്പെട്ടതിന് 17.06.17 ന് മറുപടി നൽകിയിട്ടുണ്ട്.മേലിൽ പ്രത്യേകം ബില്ലുകളും മിനിട്സിന്റെ പകർപ്പും സഹിതം വൗച്ചറുകൾ തയ്യാറാക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്.ഭാവിയിൽ ഇത്തരം ചെലവുകൾക്ക് കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്.ഇക്കാര്യം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 അഗതി-ആശ്രയ പദ്ധതി നടത്തിപ്പ് - ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.

സമൂഹത്തിൽ ഒറ്റപ്പെട്ടുപോയ പാർശ്വവൽക്കരിക്കപ്പെട്ട അശരണരായ അഗതികളെ കണ്ടെത്തി പുനരധിവസിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്ന മഹത്തായ ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന അഗതി-ആശ്രയ പദ്ധതി നടത്തിപ്പിൽ ചെമ്മനാട് ഗ്രാമപഞ്ചായത്ത് സി.ഡി.എസ് വേണ്ടത്ര ശ്രദ്ധ കാണിക്കാത്തതിനാൽ പദ്ധതിക്കായി അനുവദിച്ച തുകയിൽ 75 ശതമാനത്തോളം ചെലവഴിക്കാതെ നീക്കിയിരിപ്പായി കിടക്കുന്നു. ഭക്ഷണം, ചികിത്സ, വീട്, സ്ഥലം, കുടിവെള്ളം, സ്വയംതൊഴിൽ അങ്ങനെ എല്ലാ മേഖലകളിലുമുള്ള പുനരധിവാസമാണ് അഗതി-ആശ്രയ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പക്ഷെ ചെമ്മനാട് ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നാണ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് വിലയിരുത്തുന്നത്. നിലവിൽ രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കിയ ഈ പദ്ധതിക്കായി ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.

അഗതി-ആശ്രയ പദ്ധതിയുടെ ഒന്നാംഘട്ട നടത്തിപ്പിനായി 2003-04 വർഷത്തിൽ 10,00,000/- രൂപ കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും അനുവദിച്ചിരുന്നു. ഈ തുക 04.02.2004 ൽ പെരുമ്പള സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ അക്കൗണ്ട് നമ്പർ 5871 ൽ വരവ് വന്നിട്ടുണ്ട്. ആകെ 79 ഗുണഭോക്താക്കളെയാണ് ഒന്നാം ഘട്ടത്തിൽ അഗതി-ആശ്രയ പദ്ധതിക്കായി തെരെഞ്ഞെടുത്തത്. ഈ 79 ഗുണഭോക്താക്കൾക്ക് വേണ്ടി നാളിതുവരെയായി ചെലവഴിച്ചത് 2,81,935/- രൂപ മാത്രമാണ്.

ഏകദേശം 25 ശതമാനം മാത്രം. ഈ തുക മുഴവൻ ഭക്ഷണം നൽകുന്നതിന് വേണ്ടി മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. സമഗ്രപുനരധിവാസം എന്ന ലക്ഷ്യത്തിന്റെ ഭാഗമായ മറ്റ് പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല എന്നാണ് ഇത് കാണിക്കുന്നത്. കൂടാതെ ഈ 2,81,935/- രൂപ ചെലവഴിച്ചത് കഴിഞ്ഞ 13 സാമ്പത്തിക വർഷം കൊണ്ടാണ്. ഒന്നാം ഘട്ടം 2016-17 വർഷത്തിലും തുടരുന്നുണ്ട്. 31.03.2017 ലെ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 7,18,065/- രൂപയാണ്. 2003-04 വർഷത്തിൽ തെരെഞ്ഞെടുത്ത 79 ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിൽ ചെമ്മനാട് ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ലക്ഷ്യംകൈവരിച്ചിട്ടില്ല എന്നാണ് ഈ ചെലവ് കണക്കുകൾ സൂചിപ്പിക്കുന്നത്.

അഗതി-ആശ്രയ രണ്ടാംഘട്ട പദ്ധതി നടത്തിപ്പിനായി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും അനുവദിച്ച 5,00,000/-രൂപ (വൗച്ചർ നമ്പർ. 21600269/21.07.2016 ) 2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നു. ഈ തുക 2016-17 വർഷത്തിൽ ചെമ്മനാട് ഗ്രാമപഞ്ചായത്ത് സി.ഡി.എസിന് കൈമാറിയിട്ടുണ്ട്. (ചെക്ക് നം.52970/20.07.2016) ഈ തുക 25.07.16 ന് സി.ഡി.എസ് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്.(അക്കൗണ്ട് നം.67368284420,SBI പെരുമ്പള ബ്രാഞ്ച്) രണ്ടാം ഘട്ടത്തിൽ ആകെ 110 ഗുണഭോക്താക്കളെയാണ് ഈ പദ്ധതിക്കായി തെരെഞ്ഞെടുത്തത്. ഇവർക്കു വേണ്ടി ഓഡിറ്റ് വർഷത്തിൽ ആകെ 79,980/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതുപോലെ ചെലവഴിച്ച 79,980/-രൂപയും ഭക്ഷണം നൽകാൻ വേണ്ടി മാത്രമാണ്. സമഗ്രപുനരധിവാസം എന്ന ലക്ഷ്യത്തിന്റെ ഭാഗമായ മറ്റ് മേഖലകളിലെ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. 31.03.2017 ൽ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 4,32,577/- രൂപയാണ്.

രണ്ട് ഘട്ടങ്ങളിലായി അഗതി-ആശ്രയ പദ്ധതി നടത്തിപ്പിനായിഅനുവദിച്ച ആകെ 15,00,000/- രൂപയിൽ 3,49,358/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി 11,50,642/- രൂപ രണ്ട് ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പായി കിടക്കുന്നു. ഭക്ഷണം, ചികിത്സ, വീട്, സ്ഥലം, കുടിവെള്ളം, സ്വയംതൊഴിൽ അങ്ങനെ എല്ലാ മേഖലകളിലുമുള്ള പുനരധിവാസം ലക്ഷ്യമിടുന്ന അഗതി-ആശ്രയ പദ്ധതി നടപ്പാക്കുന്നതിൽ ചെമ്മനാട് ഗ്രാമപഞ്ചായത്ത് സി.ഡി.എസ് വിജയം കൈവരിച്ചിട്ടില്ല. സമഗ്രപുനരധിവാസം ലക്ഷ്യമിടുന്ന ഈ പദ്ധതി ഫലവത്താകണമെങ്കിൽ ഗുണഭോക്താവിന്റെ എല്ലാ മേഖലകളിലെയും ആവശ്യങ്ങൾ കണ്ടെത്തുകയും, അംഗീകരിച്ച പ്രൊജക്റ്റ് പ്രകാരം പ്രവർത്തനം ആവിഷ്കരിക്കുകയും വേണം. രണ്ട് ഘട്ടങ്ങളിലെയും ഫണ്ടിൽ ബാക്കിയുള്ള 11,50,642/- രൂപ നടപ്പ് സാമ്പത്തിക വർഷം തന്നെ അംഗീകരിച്ച പ്രൊജക്റ്റുകൾക്ക് പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് ചെലവഴിക്കേണ്ടതാണ്, ഇല്ലെങ്കിൽ ചെലവഴിക്കാത്ത തുക കുടുംബശ്രീ ജില്ലാ മിഷന് തിരികെ നൽകാനും ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 പട്ടികജാതി യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ പദ്ധതി - ആഡംബര വാഹനങ്ങൾക്ക് സബ്സിഡി അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ചെമ്മനാട് ഗ്രാമപഞ്ചായത്ത്, 2016-17 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി മോട്ടോർസൈക്കിൾ/സ്കൂട്ടർ വാങ്ങി നൽകുന്ന പദ്ധതിക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രൊജകട് നം.85/17

ബിൽ നം.02/2016-17/24.03.17 – 79,980/- രൂപ
ബിൽ നം.03/2016-17/29.03.17 – 19,995/- രൂപ
ബിൽ നം.05/2016-17/30.03.17 – 19,995/- രൂപ

താഴെപ്പറയുന്ന 6 ഗുണഭോക്താക്കൾക്ക് ഇരുചക്രവാഹനം വാങ്ങിയതിന് സബ്സിഡിയായി ആകെ 1,19,970/- രൂപ ചെലവഴിച്ചിട്ടുണ്ട്. വാഹനം ഇവർ നേരിട്ട് വാങ്ങുകയും ഇവരുടെ ബാങ്ക് ലോൺ അക്കൗണ്ടിലേക്ക് സബ്സിഡി തുക കൈമാറുകയുമാണ് ചെയ്തത്. ഒരു ഗുണഭോക്താവിന് 19,995/-രൂപയാണ് സബ്സിഡി ഇനത്തിൽ നൽകിയത്. ഈ ഗുണഭോക്താക്കൾ വാങ്ങിയ വാഹനം സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാങ്ങിയ ഇരുചക്ര വാഹനം | വാഹനത്തിന്റെ ആകെ വില |
|---|---|---|---|
| 1 | അജിത് കുമാർ.സി | Yamaha Fascino | 70,187/- |
| 2 | കൃപേഷ്.കെ | Yamaha FZ 16 F1 | 84,421/- |
| 3 | സയ്ജു.സി | Yamaha FZ 16 F1 | 84,421/- |
| 4 | അശോകൻ.കെ | Honda Activa | 62,613/- |
| 5 | രാകേഷ്.ബി | TVS Jupiter | 65,600/- |
| 6 | കൃഷ്ണകുമാർ.കെ.എച്ച് | Suzuki Access125 | 71,747/- |

മേൽവിവരിച്ചതിൽ നിന്നും ഈ ഗുണഭോക്താക്കൾ വാങ്ങിയത് ആഡംബര ബൈക്കുകളും സ്കൂട്ടറുകളുമാണ് എന്ന് വ്യക്തമാണ്. കൃപേഷ്.കെ, സയ്ജു.സി എന്നിവർ വാങ്ങിയത് Yamaha യുടെ ആഡംബര ബൈക്കുകളാണ്,മറ്റുള്ളവർ വാങ്ങിയ സ്കൂട്ടറുകളായ Yamaha Fascino,Honda Activa, TVS Jupiter, Suzuki Access 125 എന്നിവ സ്കൂട്ടറുകളിലെ ആഡംബര മോഡലുകളാണ്. ഈ 6 ഗുണഭോക്താക്കളും വാങ്ങിയ ഇരുചക്രവാഹനം ഉപയോഗിച്ച് ചെയ്യുന്ന സ്വയംതൊഴിൽ സംബന്ധമായ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഐസ് ക്രീം വില്പന, ലോട്ടറി വില്പന, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ വില്പന എന്നിങ്ങനെയാണ് ഇവർ അപേക്ഷകളിൽ സ്വയംതൊഴിൽ സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടുള്ളത്. വാങ്ങിയ വാഹനങ്ങൾ ഭൗതിക പരിശോധന നടത്തിയപ്പോൾ ഇത്തരം തൊഴിൽ ചെയ്യാനുള്ള എക്സ്ട്രാഫിറ്റിംഗുകളൊന്നും വാഹനത്തിൽ ചെയ്തതായി കണ്ടില്ല. അതിനാൽ ഇവർ തൊഴിൽ ചെയ്യാനായല്ല ഇരുചക്രവാഹനം ഉപയോഗിക്കുന്നത് എന്ന് വ്യക്തമാണ്. ഇരുചക്രവാഹനത്തിൽ തൊഴിലിടത്തേക്ക് പോകാൻ ഉപയോഗിക്കുന്നവർക്കല്ല, മറിച്ച് ഇരുചക്രവാഹനം ഉപയോഗിച്ച് ചെയ്യുന്ന തൊഴിലിലേർപ്പെടുന്ന ഗുണഭോക്താക്കളെ കണ്ടെത്തിയാണ് സബ്സിഡി നൽകേണ്ടത്. അതിനാൽ അനർഹരായ വ്യക്തികൾക്കാണ് സബ്സിഡി നൽകിയത് എന്നാണ് ഓഡിറ്റിന്റെ നിഗമനം. ഓഡിറ്റ് എൻക്വയറി നം.02/16.06.2017 പ്രകാരം ഇക്കാര്യങ്ങൾക്ക് വിശദീകരണം ചോദിച്ചതിന് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. സ്രക്കാർ ഉത്തരവിൽ

ഇരുചക്രവാഹനം എന്നേ പറയുന്നുള്ളൂ, അതിനാൽ ഏത് ഇരുചക്രവാഹനം വാങ്ങിയാലും സബ്സിഡി നൽകാമെന്നുമാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആഡംബരവാഹനം വാങ്ങാൻ കെല്പുള്ള ഒരു ഗുണഭോക്താവിന് സബ്സിഡി നൽകാനല്ല മറിച്ച് ഏറ്റവും അർഹനായ പാവപ്പെട്ട ഗുണഭോക്താക്കൾക്കാണ് ഇവ ലഭിക്കേണ്ടത് എന്നാണ് ഓഡിറ്റിന്റെ നിലപാട്, ഇത്തരത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പിലാക്കുന്നതെങ്കിൽ സർക്കാരിന്റെ പദ്ധതികളൊന്നും അർഹരായവരിലേക്ക് എത്തുകയില്ല. ഈ 6 ഗുണഭോക്താക്കളും സബ്സിഡി നൽകി വാങ്ങിയ ഇരുചക്രവാഹനം ഉപയോഗിച്ച് ചെയ്യുന്ന തൊഴിൽ സംബന്ധമായ വിശദമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്, അല്ലാത്തപക്ഷം സബ്സിഡിയായി അനുവദിച്ച തുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. അതുവരെ സബ്സിഡിയായി നൽകിയ ആകെ 1,19,970/- രൂപ തടസ്സത്തിൽ വെക്കുന്നു. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ അർഹരായവരെ കൃത്യമായി കണ്ടെത്തി നടപ്പിലാക്കാൻ ശ്രദ്ധിക്കണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും, സെക്രട്ടറിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 ഗ്രാമ പഞ്ചായത്തിന്റെ പഴയ വാഹനം കണ്ടം ചെയ്യാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല

സർക്കാർ ഉത്തരവ് നം.86/06/തസ്വഭവ, തിയ്യതി 31.03.2016 തദ്ദേശസ്വയംഭരണ (ഡിപി)വകുപ്പ് പ്രകാരം നിലവിൽ വാഹനം ഉള്ള ഗ്രാമപഞ്ചായത്തുകൾ പുതിയ വാഹനം വാങ്ങുമ്പോൾ പഴയ വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷമെ പുതിയ വാഹനം വാങ്ങാൻ പാടുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ പഴയ വാഹനം KL-14 D 3236 മഹീന്ദ്രാ ബൊളേരൊ ജീപ്പ് കണ്ടം ചെയ്യാനുള്ള നടപടികൾ നാളിതുവരെയായി പൂർത്തീകരിക്കാതെയാണ് 2016-17 വർഷത്തിൽ പ്രൊജക്ട് നമ്പർ 260/17 പ്രകാരം മഹീന്ദ്രയുടെ പുതിയ സ്കോർപിയോ വാഹനം വാങ്ങിയിട്ടുള്ളത്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷൻ, കണ്ണൂർ പഴയ വാഹനത്തിന് 1,80,000/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ തുക അടിസ്ഥാനമാക്കി 2 തവണ ലേലം നടത്തിയെങ്കിലും ഈ തുകയ്ക്കോ, ഇതിനു മുകളിലോ ആരും തന്നെ തുക ക്വാട്ട് ചെയ്യാത്തതിനാൽ വാഹനം ഇപ്പോഴും ഗ്രാമപഞ്ചായത്ത് ഷെഡിൽ കിടക്കുകയാണ്. ഈ അവസ്ഥയിൽ വാഹനം ഉപയോഗ്യശൂന്യമാകാനുള്ള സാധ്യതയുണ്ട്. അതിനാൽ പൊതുമരാമത്ത് മക്കാനിക്കൽ ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറെ കാര്യങ്ങൾ ബോധ്യപ്പെടുത്തി വില പുനർനിർണ്ണയിച്ച് എത്രയും പെട്ടെന്ന് പഴയ വാഹനം ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 ഡെപ്പോസിറ്റ് പ്രവർത്തി -പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

ചെമ്മനട് ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന പദ്ധതികളുടെ നിർവ്വഹത്തിനായി ₹ 83,42,724/ കെ.എസ്.ഇ.ബി/ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് -ന് നല്കിയിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച് ലഭിച്ച വിശദാംശങ്ങളും തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ട് നമ്പർ/പേര് | വൗച്ചർ നം.& തിയ്യതി | ഡെപ്പോസിറ്റ് ചെയ്ത തുക | ഡെപ്പോസിറ്റ് ചെയ്തത് ഏത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | സ്ഥാപനത്തിൽ |
| അസിസ്റ്റന്റ് എഞ്ചിനീയർ | പ്രൊജക്ട് നം എസ്.ഒ 277/17- സമ്പൂർണ്ണ വൈദ്യുതീകരണം- തെരുവ് വിളക്ക് സ്ഥാപിക്കൽ. | 25/3-17 തീ: 31.03.2017 | ₹ 48,71,433/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, കാസറഗോഡ്. |
| | | 26/3-17 തീ: 31.03.2017 | ₹ 13,55,725/- | |
| | | ആകകെ | ₹ 62,27,158/- | |
| സെക്രട്ടറി | 264/17-സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി | 21600851 തീ:14.02.17 | 4,17,364/-രൂപ | അസി.എഞ്ചിനീയർ KSEB, ഇലക്ട്രിക്കൽ ഡിവിഷൻ, കാസറഗോഡ് |
| | 265/17- തെക്കിൽ ബ്രിഡ്ജ് ഉക്കരംപാടി സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ | 21601072 തീ:28.03.17 | 83,960/- | അസി.എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ,ചട്ടഞ്ചാൽ |
| | 239/17- ചിറവാതുക്കൽ അംഗൻവാടി വൈദ്യുതിലൈൻ എക്സ്റ്റൻഷൻ | 21600858 തീ:20.02.2017 | 30,000/- | അസി.എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, കാസറഗോഡ് |
| | 88/17-തൈരക്കടവ് വൈദ്യുതിലൈൻ എക്സ്റ്റൻഷൻ | 21601004 തീ:16.03.2017 | 25,000/- | അസി.എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ,ചട്ടഞ്ചാൽ |
| | 257/17-ചെറുകര-മൈലാട്ടി അംഗൻവാടി വൈദ്യുതിലൈൻ എക്സ്റ്റൻഷൻ | 21600950 തീ:7.03.2017 | 23,242/- | അസി.എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ,ചട്ടഞ്ചാൽ |

| | | | | |
|---|---|---|---|---|
| | 242/17-വിവിധ അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യമൊരുക്കൽ പദ്ധതി | 21600860 തീ:21.02.17 | 15,36,000/- | ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കാസറഗോഡ് |
| | | ആകെ | 83,42,724/- | |

ഓഡിറ്റ് എൻക്വയറി നം.13/19.06.17, നം.14/21.06.2017 എന്നിവ പ്രകാരം വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 83,42,724/ രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. മേൽവിവരിച്ച ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-9 വിവിധ പ്രൊജക്റ്റുകളിലേക്ക് മരുന്ന് വാങ്ങൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക നൽകി മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.07/17.06.2017

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ

ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രൊജക്റ്റുകളിലേക്ക് മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. ഓഡിറ്റ് തീയ്യതിവരെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഴുവൻ മരുന്നും നൽകിയിട്ടില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പർ പ്രൊജക്ടിന്റെ പേര് | ബിൽ നമ്പർ /തീയ്യതി/തുക | ഇൻവോയ്സ് നമ്പർ/ തീയ്യതി | ഇൻവോയ്സ് പ്രകാരം ലഭിച്ച മരുന്നുകളുടെ തുക | ബാക്കി ലഭിക്കേണ്ട മരുന്നുകളുടെ തുക |
|---|---|---|---|---|---|
| 1 | 82/16-17 പി.എച്ച്.സി -ലേക്ക് മരുന്നുവാങ്ങൽ | 7/16-17 05-01-2017 =1,00,000/- | 383/29-04-17 574/11-04-17 | 40,202/- 36,933/- = 77,135/- | 22,865/- |
| 2 | 81/16-17 പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങൽ | 5/16-17 21-01-2017 =10,500/- | 575/11-05-17 576/11-05-17 | 16,004/- 21,163/- =37,167/- | 67,833/- |

| | |
|---|---|
| ആകെ | 90,698/- |

മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 വിവിധ പ്രൊജക്ടുകളിലേക്ക് മരുന്ന് വാങ്ങൽ ഔഷധിക്ക് തുക നൽകി മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.08/17.06.2017

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം

ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രൊജക്ടുകളിലേക്ക് ആ കേരള ആയുർവ്വേദ ഔഷധങ്ങൾ വാങ്ങുന്നതിനായി ഔഷധിക്ക് തുക മുൻകൂറായി നൽകിയിട്ടുണ്ട്. ഓഡിറ്റ് തീയ്യതിവരെ ഔഷധി മരുന്നുകൾ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ നൽകിയിട്ടില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പർ<br>പ്രൊജക്ടിന്റെ പേര് | ബിൽ നമ്പർ /തീയ്യതി/തുക | ഇൻവോയ്സ് നമ്പർ/ തീയ്യതി | ഇൻവോയ്സ് പ്രകാരം ലഭിച്ച മരുന്നുകളുടെ തുക | ബാക്കി ലഭിക്കേണ്ട മരുന്നുകളുടെ തുക |
|---|---|---|---|---|---|
| 1 | 243/17<br>ജീവിത ശൈലി രോഗ ശമനം ആയുർവ്വേദം | ചെക്ക് നമ്പർ<br>25348/24-11-16 (തനത് ഫണ്ട്)<br>1,50,000 | 3047/N/16-17 /23-2-17<br>1972/N/16-17 /10-12-16 | 11,025<br>28,437<br>=39,462 | 10,538 |
| 2 | 201/16-17<br>കീഴൂർ ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 2/16-17<br>21-12-17<br>=1,50,000 | 2192/N/16-17 /31-1-17<br>2167/N/16-17 /28-2-17 | 59,053<br>16,556<br>=75,609 | 74,391 |
| 3 | 176/16-17<br>പരവനടുക്കം ഗവ:വൃദ്ധ മന്ദിരത്തിലെ അന്തേവാസികൾക്ക് വേണ്ടി ഗവ:ആയുർവ്വേദ ഡിസ്പെൻസറിലേക്ക് മരുന്ന് വാങ്ങൽ | 3/16-17<br>24-12-16<br>=50,000 | 1952/N/16-17 /07-12-16 | 16,216 | 33,784 |

| | | | | | |
|---|---|---|---|---|---|
| 4 | 177/16-17<br>ചെമ്മനാട് ഗവ:ആയുർവ്വേദ ഡിസ്പെൻസറിലേക്ക് മരുന്ന് വാങ്ങൽ | 1/16-17<br>24-12-16<br>=2,00,000/- | 1)2191/N/16-17 /31-12-16<br>2)3149/N /16-17 /26-02-17<br>3)2763/N /16-17 /08-02-17<br>4)3483/N /16-17 /23-03-17 | 1,20,619<br>19,261<br>13,036<br>4,200<br>=1,57,116 | 42,884 |
| | | | | അകെ | 1,61,597 |

മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ചട്ടഞ്ചാൽ പി.എച്ച്.സിയിൽ ലാബ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.09/17.06.2017

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ,പി.എച്ച്.സി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 93/17 |
| തുക | 5,99,680 |
| ബിൽ നമ്പർ / തീയ്യതി | 6/16-17/25-01-17 – 4,07,932<br>14/16-17/25-03-17 – 1,91,748 |

ഗ്രാമ പഞ്ചായത്തിലെ ചട്ടഞ്ചാൽ പി.എച്ച്.സി-യിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പി.എച്ച്.സി-യിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി കേരള സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 4,07,932/-രൂപയുടെ ഉപകരണങ്ങളും,ലീഡ്സ് കെമിക്കൽസ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 1,91,748/-രൂപയുടെ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.ഓഡിറ്റ് തീയ്യതിവരെ ലാബ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ലാബ് പ്രവർത്തനം സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 റൂഫിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചത് - അംഗീകരിക്കുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2016-17 വർഷം ഗ്രാമ പഞ്ചായത്ത് താഴ പറയുന്ന സ്ഥാപനങ്ങളിൽ റൂഫിംഗ് പ്രവൃത്തി നടത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2014 ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ്. ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന മുഖേനയാണ് ഈ പ്രവൃത്തികൾ നിർവ്വഹണം നടത്തിയിരിക്കിന്നത്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, അളവ് പുസ്തകം എന്നിവ പ്രകാരം റൂഫിംഗ് പ്രവൃത്തിയ്ക്കായി 0.40mm thick Alu Zinc sheet ആണ് ഉപയോഗിച്ചിരിക്കുന്നത്. ഈ ഇനം പ്രവൃത്തിയ്ക്ക് കോസ്റ്റ് ഇൻഡക്സ് 30.68% ഉള്ള പ്രവൃത്തികൾളിൽ ₹ 699.18/sqm എന്ന നിരക്കും കോസ്റ്റ് ഇൻഡക്സ് 36.19% ഉള്ള പ്രവൃത്തികൾളിൽ ₹ 707.00/sqm എന്ന നിരക്കുമാണ് അനുവദിച്ചത്. DSR-ൽ ഈ ഇനം പ്രവൃത്തിയുടെ ഡാറ്റ ലഭ്യമല്ലാത്തതിനാൽ താഴെ പറയും പ്രകാരമുള്ള "observed data" അനുസരിച്ചുള്ള നിരക്കാണ് റൂഫിംഗ് പ്രവൃത്തിയുടെ നിരക്ക് കണക്കാക്കിയത്.

| | | | | | |
|---|---|---|---|---|---|
| OD | Providing trafford Alu Zinc sheet roofing including vertical/curved surface fixed with polymer coated J or L hooks, bolts and nuts 8mm diameter with bitumen and G.I. limpet washers or with G.I. limpet washers filled with white lead and including a coat of approved steel primer and two coats of approved paint on overlapping of sheets complete up to any pitch in horizontal/vertical or curved surface excluding the cost of purlins, rafters and trusses and including cutting to size and shape wherever required. 0.40mm thick Alu Zinc sheet corrugated. | | | | |
| Quantity | Code | Description | Unit | Rate ₹ | Amount ₹ |
| | | MATERIAL | | | |
| 209.88 | MR | Alu-Zinc shee 0.50mm thick | sqm | 450 | 94,446.00 |
| 884 | 1022 | Bolts and nuts - G.I, J or L hooks 8mm dia | 10 Nos | 25 | 2,210.00 |

| | | | | | |
|---|---|---|---|---|---|
| 810.00 | 1023 | G.I.J or hooks | 10 Nos | 120 | 9,720.00 |
| 1694.00 | 1207 | Limpet washer | 100 Nos | 35 | 592.90 |
| 1694.00 | 1208 | Bitumen washer | 100 Nos | 30 | 508.20 |
| 26.91 | 9999 | Carriage of bolts and washers | L.S | 1.78 | 47.8998 |
| 53.82 | 9999 | Sundries | L.S | 1.78 | 95.7996 |
| | | LABOUR | | | |
| 1.30 Nos | 0130 | Mistry | Day | 435.00 | 565.50 |
| 15.50 Nos | 0112 | Carpenter 2nd class | Day | 399.00 | 6,184.50 |
| 15.50 Nos | 0114 | Beldar | Day | 329.00 | 6,184.50 |
| 0.52 Nos | 9999 | Carriage of materials | L.S | 1.78 | 0.93 |
| | | Total | | | 1,19,471.23 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | Market rate cost | | | 94,446.00 |
| | | Add water charges 1% on MR | | | 944.46 |
| | | Net Total (A) | | | 95390.46 |
| | | Total excluding Market rate | | | 25,025.23 |
| | | Add 1% water charges | | | 250.25 |
| | | Net Total (B) | | | 25,275.48 |
| | | Total A+1.3048 B | | | 1,28,369.90 |
| | | Cost for 183.6 sqm | | | 1,28369.90 |
| | | Cost for 1 sqm (with CI 30.48%) | | | 699.18 |
| | | Total A+1.3619 B | | | 1,29,813.14 |
| | | Cost for 183.6 sqm | | | 1,29,813.14 |
| | | Cost for 1 sqm (with CI 36.19%) | | | 707.00 |
| | | Rate for works with cost index 30.48% | | | 699.18/sqm |

| | | | |
|---|---|---|---|
| | | Rate for works with cost index 36.19% | 707.00/sqm |

പ്രവൃത്തിയിൽ ഉപയോഗിച്ചിരിക്കുന്നത് 0.40 mm കനത്തിലുള്ള Alu-Zinc sheet ആണ്. എന്നാൽ മേൽ പറഞ്ഞ പ്രകാരം തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ 0.50 mm കനത്തിലുള്ള Alu-Zinc sheet -ന്റെ മാർക്കറ്റ് നിരക്കാണ് ₹ 450/$m^2$ എടുത്തിരിക്കുന്നത്. കാസറഗോഡ് ജില്ലയ്ക്കായി തയ്യാറാക്കിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് റേറ്റ് (Local market rates in Kasaragod district by PWD, BUILDINGS Duildings Division,Kasaragod) പ്രകാരം 0.40 mm കനത്തിലുള്ള Alu-Zinc sheet -ന്റെ വില ₹400/$m^2$ ആണ് (Materials not included in the DSR എന്ന ഭാഗത്ത് ക്രമനം.162). 0.40 mm കനത്തിലുള്ള Alu-Zinc sheet -ന്റെ വില ₹400/$m^2$ എന്ന മാർക്കറ്റ് റേറ്റ് പ്രകാരം ഇ പ്രവൃത്തികൾക്ക് അനുവദനീയമായ ഒബ്സർവ്ഡ് ഡാറ്റ താഴെ പറയും പ്രകാരമാണ് വേണ്ടത്.

| | | | | | |
|---|---|---|---|---|---|
| OD | Providing trafford Alu Zinc sheet roofing including vertical/curved surface fixed with polymer coated J or L hooks, bolts and nuts 8mm diameter with bitumen and G.I. limpet washers or with G.I. limpet washers filled with white lead and including a coat of approved steel primer and two coats of approved paint on overlapping of sheets complete up to any pitch in horizontal/vertical or curved surface excluding the cost of purlins, rafters and trusses and including cutting to size and shape wherever required. 0.40mm thick Alu Zinc sheet corrugated. | | | | |
| Quantity | Code | Description | Unit | Rate ₹ | Amount ₹ |
| | | MATERIAL | | | |
| 209.88 | MR | Alu-Zinc shee 0.40mm thick | sqm | 400 | 83,952.00 |
| 884 | 1022 | Bolts and nuts - G.I, J or L hooks 8mm dia | 10 Nos | 25 | 2,210.00 |
| 810.00 | 1023 | G.I.J or hooks | 10 Nos | 120 | 9,720.00 |
| 1694.00 | 1207 | Limpet washer | 100 Nos | 35 | 592.90 |

| | | | | | |
|---|---|---|---|---|---|
| 1694.00 | 1208 | Bitumen washer | 100 Nos | 30 | 508.20 |
| 26.91 | 9999 | Carriage of bolts and washers | L.S | 1.78 | 47.8998 |
| 53.82 | 9999 | Sundries | L.S | 1.78 | 95.7996 |
| | | LABOUR | | | |
| 1.30 Nos | 0130 | Mistry | Day | 435.00 | 565.50 |
| 15.50 Nos | 0112 | Carpenter 2nd class | Day | 399.00 | 6184.50 |
| 15.50 Nos | 0114 | Beldar | Day | 329.00 | 6,184.50 |
| 0.52 Nos | 9999 | Carriage of materials | L.S | 1.78 | 0.93 |
| | | Total | | | 1,08,977.22 |
| | | Market rate cost | | | 83,952.00 |
| | | Add water charges 1% on MR | | | 839.52 |
| | | Net Total (A) | | | 84,791.52 |
| | | Total excluding Market rate | | | 25,025.23 |
| | | Add 1% water charges | | | 250.25 |

| | | | | | |
|---|---|---|---|---|---|
| | | Net Total (B) | | | 25,275.48 |
| | | Total A+1.3048 B | | | 1,17,770.96 |
| | | Cost for 183.6 sqm | | | 1,17,770.96 |
| | | Cost for 1 sqm (with CI 30.48%) | | | 641.45 |
| | | Total A+1.3619 B | | | 1,19,214.19 |
| | | Cost for 183.6 sqm | | | 1,19,214.19 |
| | | Cost for 1 sqm (with CI 36.19%) | | | 649.30 |
| | | Rate for works with cost index 30.48% | | | 641.45/sqm |
| | | Rate for works with cost index 36.19% | | | 649.30/sqm |

ആയതിനാൽ 0.4mm Alu-Zinc sheet ഉപയോഗിച്ച് റൂഫിംഗ് പ്രവൃത്തി നടത്തിയതിന് കോസ്റ്റ് ഇൻഡക്സ് 30.68% ഉള്ള പ്രവൃത്തികൾളിൽ ₹ 641.45/sqm എന്ന നിരക്കും കോസ്റ്റ് ഇൻഡക്സ് 36.19% ഉള്ള പ്രവൃത്തികൾളിൽ ₹ 649.30/sqm എന്ന നിരക്കുമാണ് യഥാർത്ഥത്തിൽ അനുവദിക്കേണ്ടിയിരുന്നത്. കൺവീനർമാർക്ക് കൂടിയ നിരക്ക് അനുവദിച്ചതിനാൽ താഴ പറയുന്ന പ്രവൃത്തികളിൽ 36,548/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | | കൺവീനറുടെ പേര്. | കൺവീനർക്ക് നല്കിയ തുക | | എം ബുക്ക് നം, ആകെ അളവ് മൂല്യം | 0.4mm Alu-Zinc sheet ഉപയോഗിച്ച് റൂഫിംഗ് പ്രവൃത്തി ചെയ്തതിന് കൺവീനർക്ക് നല്കിയ തുകയുടെ വിവരം. | | | 0.4mm Alu-Zinc sheet ഉപയോഗിച്ച് റൂഫിംഗ് പ്രവൃത്തി ചെയ്തതിന് അനുവദിക്കേണ്ട തുക | അധിക ചെലവ് (₹) |
|---|---|---|---|---|---|---|---|---|---|---|---|
| | പദ്ധതിയുടെ പേര്, പ്രൊജക്ട് നം. | എസ്റ്റിമേറ്റ് & സാങ്കേതികാനുമതി നം. | | വൗച്ചർ നം/തീയതി | കൺവീനർക്ക്നല്കിയ തുക( ₹) | | ഐറ്റം നം& എം ബുക്കിലെ പേജ് നം. | അളവ്. | തുക (₹) | | |
| 1 | തെക്കിൽ ഫെറി അങ്കണവാടി അറ്റകുറ്റ പണി.. (പ്രൊജ നം.16/17) ഫണ്ട്:MG-Non Road. | ₹2,20,000/- 643/AEE /LSGD/KSD dt 02.02.16 of AEE, LSGD Sub Dvn, Kasaragod | നിഷ.കെ | നം7/8-16 തീ: 26.08.2016 (ബിൽ തുക 1,89,586/-) | 1,75,277/- | 840/15-16 & 843/15-16 ₹ 1,78,854/- | ഐറ്റം 18 പേജ് 21(840/15-16) | 52.64m2 | 52.64m2 x 699.18/m2= 36,805/- | 52.64m2 x 641.45/m2= 33,766/- | 3,039/- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| 2 | പറമ്പ അങ്കണവാടി അറ്റകുറ്റ പണി.. (പ്രൊജ നം.50/17) ഫണ്ട്:MG-Non Road. | ₹2,20,000/- 641/AEE /LSGD/KSD dt 02.02.16 of AEE, LSGD Sub Dvn, Kasaragod | രമണി.കെ | നം1/10-16 തീ: 31.10.2016 (ബിൽ തുക 2,19,162/-) | 2,02,621/- | 845/15-16 & 846/15-16 ₹ 2,06,756/- | ഐറ്റം 15 പേജ് 14(846/15-16) | 91.80m2 | 91.80m2 x 707/m2= 64,903/- | 91.80m2 x 649.30/m2= 59,606/- | 5,297/- |
| 3 | തായൽ ബെണ്ടിച്ചാൽ അങ്കണവാടി അറ്റകുറ്റ പണി. (പ്രൊജ നം.24/17) ഫണ്ട്:MG-Non Road. | ₹2,20,000/- 624/AEE /LSGD/KSD dt 02.02.16 of AEE, LSGD Sub Dvn, Kasaragod | രോഹിണി.എം | നം3/11-16 തീ: 24.11.2016 (ബിൽ തുക 2,15,518/-) | 1,99,253/- | 106/16-17 & 107/ 16-17 ₹ 2,03,319/- | ഐറ്റം 14 പേജ് 19(107/16-17) | 66.87m2 | 66.87m2 x 699.18/m2= 46,754/- | 66.87m2 x 641.45/m2= 42,894/- | 3,860/- |
| 4 | കൊമ്പനടുക്കം അങ്കണവാടി അറ്റകുറ്റ പണി.. (പ്രൊജ നം.20/17) ഫണ്ട്:MG-Non Road. | ₹2,20,000/- 623/AEE /LSGD/KSD dt 02.02.16 of AEE, LSGD Sub Dvn, Kasaragod | പുഷ്പലത. ഇ | നം1/8-16 തീ: 26.08.2016 (ബിൽ തുക 2,13,906/-) | 1,97,762/- | 773/15-16 & 838/15-16 ₹ 2,01,798/- | ഐറ്റം 14 പേജ് 15(838/15-16) | 58.50m2 | 58.50m2 x 699.18/m2= 40,902/- | 58.50m2 x 641.45/m2= 37,525/- | 3,377/- |
| 5 | ചെമ്മനാട് അങ്കണവാടി അറ്റകുറ്റ പണി.. (പ്രൊജ നം.19/17) ഫണ്ട്:MG-Non Road. | ₹2,20,000/- 726/AEE /LSGD/KSD dt 17.02.16 of AEE, LSGD Sub Dvn, Kasaragod | സാവിത്രി.എൻ. വി. | നം4/11-16 തീ: 24.11.2016 (ബിൽ തുക 2,18,241/-) | 2,01,770/- | 113/16-17 ₹ 2,05,888/- | ഐറ്റം 1 പേജ് 13 | 64.60m2 | 64.60m2 x 707/m2= 45,672/- | 64.60m2 x 649.30/m2= 41,945/- | 3,727/- |
| 6 | പള്ളിക്കണ്ടം അങ്കണവാടി അറ്റകുറ്റ പണി.. (പ്രൊജ നം.18/17) ഫണ്ട്:MG-Non Road. | ₹2,20,000/- 640/AEE /LSGD/ dt 02.02.16 of AEE, LSGD Sub Dvn, Kasaragod | പുഷ്പ. കെ | നം 3/8-16 തീ: 26.08.2016 (ബിൽ തുക 2,15,494/-) | 1,99,230/- | 101/16-17 & 79/15-16 ₹ 2,03,296/- | ഐറ്റം 16 പേജ് 24(10/16-17) | 80.20m2 | 80.20m2 x 699.18/m2= 56.024/- | 80.20m2 x 641.45/m2= 51,444/- | 4,630/- |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| 7 | വള്ളിയോട് അങ്കണവാടി അറ്റകുറ്റ പണി.. (പ്രൊജ നം.22/17)<br>ഫണ്ട്:MG- Non Road. | ₹2,20,000/-<br>644/AEE /LSGD/KSD<br>dt 02.02.16 of AEE,<br>LSGD Sub Dvn, Kasaragod | പ്രജീത കുമാരി.എം | നം 2/1-17<br>തീ: 14.02.2017<br>(ബിൽ തുക 2,17,782/-) | 2,01,345/- | 131/16-17<br>₹ 2,05,454/- | ഐറ്റം 11<br>പേജ് 39 | 56.64m2 | 56.64m2 x<br>699.18/m2=<br>39,602/- | 56.64m2 x<br>641.45/m2=<br>36,332/- | 3,270/- |
| 8 | ബേന്നൂർ അങ്കണവാടി അറ്റകുറ്റ പണി. (പ്രൊജ നം.25/17)<br>ഫണ്ട്:MG- Non Road. | ₹2,20,000/-<br>725/AEE /LSGD/KSD<br>dt 17.02.16 of AEE,<br>LSGD Sub Dvn, Kasaragod | സാവിത്രി.കെ | നം 3/1-17<br>തീ: 14.02.2017<br>(ബിൽ തുക 2,11,137/-) | 1,95,202/- | 116/16-17<br>₹ 1,99,186/- | ഐറ്റം 5<br>പേജ് 21 | 52.92m2 | 52.92m2 x<br>707/m2=<br>37,414/- | 52.92m2 x<br>649.30/m2=<br>34,361/- | 3,053/- |
| 9 | കൊക്കാൽ അങ്കണവാടി അറ്റകുറ്റ പണി.. (പ്രൊജ നം.15/17)<br>ഫണ്ട്:MG- Non Road. | ₹2,20,000/-<br>648/AEE /LSGD/KSD<br>dt 02.02.16 of AEE,<br>LSGD Sub Dvn, Kasaragod | ഉഷാ കുമാരി.പി.ടി. | നം 3/3-17<br>തീ: 31.03.2017<br>(ബിൽ തുക 2,03,381/-) | 1,88,032/- | 126/16-17<br>₹ 1,91,869/- | ഐറ്റം 14<br>പേജ് 45 | 62.86m2 | 62.86m2 x<br>699.18/m2=<br>43,950/- | 62.86m2 x<br>641.45/m2=<br>40,322/- | 3,628/- |
| 10 | ചാത്തങ്കൈ അങ്കണവാടി അറ്റകുറ്റ പണി. (പ്രൊജ നം.4/17)<br>ഫണ്ട്:MG- Non Road. | ₹2,20,000/-<br>625/AEE /LSGD/KSD<br>dt 02.02.16 of AEE,<br>LSGD Sub Dvn, Kasaragod | സാവിത്രി.കെ | നം14/3-17<br>തീ: 31.03.2017<br>(ബിൽ തുക 2,14,794/-) | 1,98,583/- | 144/16-17 &<br>129/ 16-17<br>₹ 2,02,636/- | ഐറ്റം 16<br>പേജ് 7 144/16-17) | 46.2m2 | 46.2m2 x<br>699.18/m2=<br>32,302/- | 46.2m2 x<br>641.45/m2=<br>29,635/- | 2,667/- |
| | | | | | | | | | | ആകെ | 36,548/- |

പ്രവൃത്തിക്കായി ₹ 36,548/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.15 തീ: 21.06.2017 പ്രകാരം

ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 36,548/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും തുല്യമായി ഈടാക്കി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-13 മരാമത്ത് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകുന്നതിന് നൽകിയ അഡ്വാൻസിൽ ഓയിൽ കമ്പനികളുടെ പക്കൽ 63,289/- രൂപ ബാക്കി

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി.

10.02.2017 ലെ സർക്കാർ സർക്കുലർ നം 75/ഡി.എ1/2017/തസ്വഭവ പ്രകാരം അനുമതി നൽകിയതനുസരിച്ച് 2016-17 വർഷം നടപ്പിലാക്കനുദ്ദേശിച്ച 21 റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ടാറും എമുൽഷനും വാങ്ങി നൽകുന്നതിനായി വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 13,61,553/- രൂപ സെക്രട്ടറി ഓയിൽ കമ്പനികൾക്ക് മുൻകൂർ ആയി നൽകിയിട്ടുണ്ട്. ഇതിൽ 28.079 മെട്രിക് ടൺ VG 30 ഗ്രേഡിലുള്ള ടാറിനു വേണ്ടി മാംഗളൂർ റിഫൈനറീസ് ആന്റ് പെട്രോകെമിക്കൽസിന് നൽകിയ 10,34,064/- രൂപയും, 3.18 മെട്രിക് ടൺ എസ് എസ് 1 ഗ്രേഡിലുള്ള എമുൽഷൻ, 3.154 മെട്രിക് ടൺ ആർ എസ്1 ഗ്രേഡിലുള്ള എമുൽഷൻ എന്നിവയ്ക്ക് വേണ്ടി കൊച്ചിയിലെ ഹിന്ദുസ്ഥാൻ കൊളാസ് എന്ന സ്ഥാപനത്തിന് നൽകിയ 3,27,489/- രൂപയും ഉൾപ്പെടുന്നു. മേൽ സ്ഥാപനങ്ങൾക്ക് 18.03.2017-ന് തന്നെ തുക മുൻകൂർ ആയി നൽകിയിരുന്നെങ്കിലും ഈ സ്ഥാപനങ്ങൾ സാമഗ്രികൾ നൽകിയത് ഏപ്രിൽ, മെയ് /2017 മാസങ്ങളിലാണ്. തുക മുൻകൂർ നൽകിയ തിയതി മുതൽ സാമഗ്രികൾ വിതരണം ചെയ്ത തിയതി വരെയുള്ള കാലയളവുകളിൽ ഈ സാമഗ്രികൾക്ക് വിലക്കുറവ് വന്നിട്ടുണ്ട്. അതു കൊണ്ട് പഞ്ചായത്ത് മുൻകൂർ നൽകിയ തുകയെക്കാൾ 63,289/- രൂപ കുറവിൽ ഈ സാമഗ്രികൾ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്ത് മുൻകൂർ നൽകിയ തുകയിൽ 63,289/- രൂപ മേൽ സ്ഥാപനങ്ങളിൽ ബാക്കി കിടക്കുന്നുണ്ട്. (മാംഗളൂർ റിഫൈനറീസ് ആന്റ് പെട്രോകെമിക്കൽസിന്റെ പക്കൽ 62,595/- രൂപ, ഹിന്ദുസ്ഥാൻ കൊളാസിന്റെ പക്കൽ 694/- രൂപ). ഈ തുക എത്രയും പെട്ടെന്ന് തിരികെ ഈടാക്കി വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, റോഡ് മെയിന്റനൻസ് ഫണ്ട് എന്നീ ഫണ്ടുകളിൽ നിന്നുള്ള തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-14 ടാർ ലഭ്യമാക്കാൻ വൈകി- റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികൾ 2016-17 വർഷം നടപ്പിലാക്കിയിട്ടില്ല.

10.02.2017 ലെ സർക്കാർ സർക്കുലർ നം 75/ഡി.എ1/2017/തസ്വഭവ പ്രകാരം, 2016-17 വർഷം നടപ്പിലാക്കാനുദ്ദേശിച്ച റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ടാറും എമുൽഷനും കരാറുകാർ ആവശ്യപ്പെടുന്ന പക്ഷം പഞ്ചായത്ത് സെക്രട്ടറി വാങ്ങി നൽകേണ്ടതുണ്ട്. ചെമ്മനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 2016-17 വർഷം നടപ്പാക്കാനുദ്ദേശിച്ച 21 റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമുള്ള ടാറും എമൽഷനും പഞ്ചായ1ത്ത് സെക്രട്ടറി വാങ്ങി നൽകണമെന്ന് തീരുമാനിക്കുകയും ഇതിനായി വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 13,61,553/- രൂപ സെക്രട്ടറി ഓയിൽ കമ്പനികൾക്ക് മുൻകൂർ ആയി നൽകിയിട്ടുമുണ്ട്. 2017 മാർച്ച് മാസത്തിലാണ് സെക്രട്ടറി ഓയിൽ കമ്പനികൾക്ക് തുക മുൻകൂർ ആയി നൽകിയത്. എന്നാൽ ഈ മാസങ്ങളിൽ ടാറോ എമൽഷനോ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. പഞ്ചായത്ത് ഓർഡർ ചെയ്ത സാമഗ്രികൾ ലഭിച്ചത് 2017 ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രമാണ്. അതു കൊണ്ടു തന്നെ 2016-17 വർഷം

നടപ്പിലാക്കാനുദ്ദേശിച്ച 21 റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികളിൽ ഒന്നും തന്നെ തൻവർഷം നടപ്പിലാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

27.02.2017 ലെ ത സ്വ ഭ വ സർക്കുലർ നം 114/ഡി എ1/2017 പ്രകാരം, ടാർ വാങ്ങി നൽകുന്നതിന് അവലംബിക്കേണ്ട രീതി സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം ടാർ വാങ്ങി നൽകുന്നതിൽ ഉണ്ടാവുന്ന കാലവിളംബത്തിന് നിർവഹണ ഉദ്യോഗസ്ഥന്മാർ പൂർണ ഉത്തരവാദികൾ ആയിരിക്കുന്നതാണ് എന്നും, ടാർ വാങ്ങി നൽകുന്നതിലെ കാലവിളംബം മൂലം റോഡ് വർക്കുകൾ പൂർത്തിയാവാതെ വരുകയോ സ്പിൽ ഓവർ ആവുകയോ ചെയ്താൽ അത്തരം വീഴ്ചകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2016-17 വ്രഷത്തെ 21 പദ്ധതികളിൽ ഒന്നു പോലും പൂർണമായി നടപ്പിലാക്കാൻ പഞ്ചായത്തിന് കഴിയാതെ പോയിട്ടും മേൽ സർക്കുലർ പ്രകാരമുള്ള നടപടികൾ ഒന്നും ഉണ്ടായിട്ടില്ല.

2017 ഏപ്രിൽ, മെയ് മാസങ്ങളിൽ ടാറും എമൽഷനും ലഭിച്ചതിന് ശേഷം മെയ് അവസാനത്തോടു കൂടി 18 പ്രവൃത്തികൾ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിക്കുകയുണ്ടായി. ശേഷിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് (GWD) | വിവധ അംഗനവാടികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ (പ്രൊ.നം 242/17) | ചെക്ക് നം2052983 തീ:23.02.2017 | 15,36,000/- | 0 | 15,36,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 2011-12 & 2012-13 | പാര (10 3(11)) | ₹ 37,682/- | ഷനൂപ്. എം.ജി, അസിസ്റ്റന്റ് എഞ്ചിനിയർ | 11601104132, 17/10/2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക. നം | സമാഹൃതറിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2009-10,2010-11 (3.24) | വർഷം 2014-15 , ഖണ്ഡിക നം.6.13 | തൊഴിലുറപ്പ് പദ്ധതിയിലെ കിണർ നിർമാണം | ബഹു:നിയമസഭസമിതിക്ക് മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16,92,47,411.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,77,64,118.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,650 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41,548.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 84,69,494.00 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | ₹ 1,650/- | | ശ്രീ.രവീന്ദ്ര.എം, സെക്രട്ടറി |
| 2-5(3) | ₹ 2,000/- | | ശ്രീ.ടി.ടി.സുരേന്ദ്രൻ,സെക്രട്ടറി |
| 3-1 | | ₹ 5,000/- | ശ്രീ.ലക്ഷ്മണ.കെ, (ഹെഡ് ക്ലാർക്ക് ഇൻചാർജ്ജ് ) |
| 3-12 | | ₹ 36,548/- | ₹ 18,274/- ശ്രീ. ജിഷി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ. |
| | | | ₹ 18,274/- രാജീവൻ.യു.വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ. |
| ആകെ | ₹ 3,650/- | ₹ 41,548/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | ₹ 6,800/- | ശ്രീ.ലക്ഷ്മണ.കെ, (ഹെഡ് ക്ലാർക്ക്,സെക്രട്ടറി ഇൻചാർജ്ജ്) |
| 3-6 | ₹ 1,19,970/- | ശ്രീ.അനിൽ കുമാർ, അസിസ്റ്റന്റ് സെക്രട്ടറി. |
| 3-8 | ₹ 83,42,724/- | ₹ 62,27,158/- ശ്രീ. ജിഷി. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ. |
| | | ₹ 21,15,566/- ശ്രീ.രവീന്ദ്ര. എം, സെക്രട്ടറി. |
| ആകെ | ₹ 84,69,494/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രവീന്ദ്ര.എം,സെക്രട്ടറി | സെക്രച്ചറി,ചെമ്മനാട് ഗ്രമപഞ്ചായത്ത് | എം.എസ് സുവർണ്ണ കോമ്പോണ്ട് മാഡൻന്നൂർ പി.ഒ കയ്യാർ |
| ശ്രീ.ടി.ടി.സുരേന്ദ്രൻ,സെക്രട്ടറി | സെക്രച്ചറി,പിലിക്കോട് ഗ്രമപഞ്ചായത്ത് | ആലപ്പടമ്പ ഏറ്റുകടുക്ക.പി.ഒ കണ്ണൂർ-670521 |
| ശ്രീ. ജിഷി. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ,ചെമ്മനാട് ഗ്രാമ പഞ്ചായത്ത് | "ഉഷസ്സ്" ജനനി നഗർ, അക്കോലിൽ, കുട്ടികട പീ.ഒ, കൊല്ലം. 691020 |
| ശ്രീ.ലക്ഷ്മണ.കെ, ഹെഡ് ക്ലാർക്ക്. | ഹെഡ് ക്ലാർക്ക്,ചെമ്മനാട് ഗ്രമപഞ്ചായത്ത് | പരവനടുക്കം പി.ഒ.പരവനടുക്കം |
| രാജീവൻ.യു.വി, അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് | ഭുവി, മൈത്രി റോഡ്, പീരകംതടം, പിലാത്തറ.പി.ഒ, കണ്ണൂർ-670504 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | നം.എൽ.എഫ്.കെ.എസ്.ഡി.1/113/94 തിയതി.24-06-96 | 6 |
| 1987-88 to 1990-91 | നം.എൽ.എഫ്.കെ.എസ്.ഡി.5/147/03 തിയതി.22-02-03 | 6 |
| 1996-1997 (exp) | നം.എൽ.എഫ്.കെ.എസ്.ഡി.5/557/98 തിയതി.08-01-02 | 7 |

| | | |
|---|---|---|
| 1996-1997<br>(final) | നം.എൽ.എഫ്.കെ.എസ്.ഡി.5/317/03<br>തിയതി.16-11-04 | - |
| 1997-1998 | നം.എൽ.എഫ്.കെ.എസ്.ഡി.5/435/03<br>തിയതി.05-04-05 | - |
| 1998-1999 (plan) | നം.എൽ.എഫ്.കെ.എസ്.ഡി.5/381/04<br>തിയതി.21-07-06 | 5 |
| 2000-2001(plan) | നം.എൽ.എഫ്.കെ.എസ്.ഡി.5/382/04<br>തിയതി.21-07-06 | 2 |
| 1999-2000 (plan) | നം.എൽ.എഫ്.കെ.എസ്.ഡി.5/383/04<br>തിയതി.21-07-06 | 6 |
| 2001-2002 (plan) | നം.എൽ.എഫ്.കെ.എസ്.ഡി.5/834/04<br>തിയതി.21-07-06 | 4 |
| 1999-2000 &<br>1995-1996 | നം.എൽ.എഫ്.കെ.എസ്.ഡി.4/563/07<br>തിയതിd.21-11-07 | 2 |
| 1999-2000 | നം.എൽ.എഫ്.കെ.എസ്.ഡി.4/564/06<br>തിയതി.02-07-07 | 4 |
| 2000-2001 | നം.എൽ.എഫ്.കെ.എസ്.ഡി.4/565/06<br>തിയതി.02-07-07 | 8 |
| 1998-1999 | നം.എൽ.എഫ്.കെ.എസ്.ഡി.8/362/05<br>തിയതി.05-06-07 | 12 |
| 2001-2002 | നം.എൽ.എഫ്.കെ.എസ്.ഡി.4/537/06<br>തിയതി.23-07-08 | 16 |
| 2002-2003 | നം.എൽ.എഫ്.കെ.എസ്.ഡി.4/636/07<br>തിയതി.24-08-09 | 29 |
| 2003-2004 | നം.എൽ.എഫ്.കെ.എസ്.ഡി.4/127/08<br>തിയതി.06-05-10 | 22 |

| | | |
|---|---|---|
| 2004-2005 | നം.എൽ.എഫ്.കെ.എസ്.ഡി.4/128/08 തിയതി.15-07-10 | 11 |
| 2005-2006 | നം.എൽ.എഫ്.കെ.എസ്.ഡി.4/129/08 തിയതി.13-05-10 | 10 |
| 2006-2007 | നം.എൽ.എഫ്.കെ.എസ്.ഡി.4/797/09 തിയതി.06-05-10 | 15 |
| 2007-2008 | നം.എൽ.എഫ്.കെ.എസ്.ഡി.3/178/12 തിയതി.14-05-12 | 14 |
| 2008-2009 | നം.എൽ.എഫ്.കെ.എസ്.ഡി.3/179/12 തിയതി.20-12-12 | 15 |
| 2009-2010 & 2010-2011 | നം.എൽ.എഫ്.കെ.എസ്.ഡി.6/593/13 തിയതി.08-05-14 | 15 |
| 2011-2012 & 2012-2013 | നം.എൽ.എഫ്.കെ.എസ്.ഡി.8/715/14 തിയതി.03-02-15 | 20 |
| 2013-14 | എൽ.എഫ്.കെ.എസ്.ഡി.8/659/2015 തീയ്യതി. 07.10.2015 | 13 |
| 2014-15 | കെ.എസ്.എ-കെ.എസ്.ഡി.7/734/2016 തീയ്യതി, 19.07.2016 | 15 |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി.6/1081/2016 തീയ്യതി, 30.11.2016 | 19 |

തീർപ്പാക്കാൻ അവശേഷിക്കന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.

# അനുബന്ധം 1

# AUDIT CERTIFICATE

No. KSA-KSD-6/680/2017

Kerala State Audit Department,

District Audit Office,Kasaragod – 671123

E-mail:- doksd.ksad@kerala.gov.in

Phone: 04994-256690

Dated : 23.06.2017.

Certified that, I have audited the Annual Financial Statement of Chemnad Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chemnad Grama Panchayat for the year 2016-17, except the observations in Part 2 and part 3 of my audit report, properly presents the picture of income and expenditure.

Deputy Director,<br>
Kerala State Audit Department,<br>
District Audit Office, Kasaragod.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-6/680/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് .

E-mail:- doksd.ksad@kerala.gov.in

തീയതി.23.06.2017.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, ചെമ്മനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.